2016
മെയ്
Pages 08
Vol: 7
Issue No.5

# ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

Published From Vadasserikara
Reg. No. KERBIL/2008/26466
Postal Reg. No.
KLPTA/89/2014-2016
ഒറ്റ പ്രതി: ₹10

# വചന വിശകലന സമ്മേളനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യം

വർഗീസ് തോമസ്




ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പ് റാന്നിയിൽ സംഘടിപ്പിച്ച വചനവിശകലന സമ്മേളനം ഡോ. ഒ.എം ശാമുവേൽ ഉദ്ഘാടനം ചെയ്യുന്നു. വർഗീസ് കുര്യൻ, കുഞ്ഞുമോൻ തോട്ടപ്പള്ളി, ജെയിംസ് തെങ്ങിൽ, സാം ഫിലിപ്പ്, വിജോയി സ്കറിയ, കെ.എ. ഫിലിപ്പ്, ചാണ്ടപ്പിള്ള ഫിലിപ്പ്, സി.റ്റി. ജോണിക്കുട്ടി എന്നിവർ സമീപം

റാന്നി: ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പിന്റെ ചുമതലയിൽ ഏപ്രിൽ 24 ഞായർ 4 മുതൽ 7.45 വരെ നടന്ന വചനവിശകലനയോഗം കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു എന്ന് ശുശ്രൂഷകരും പങ്കെടുത്തവരും ഒരുപോലെ അഭിപ്രായപ്പെട്ടു.

ബ്രദർ സി.റ്റി. ജോണിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനം ഡോ.ഒ.എം സാമുവേൽ ഉദ്ഘാടനം ചെയ്തു. ബ്രദറൺ ഉപദേശ സത്യങ്ങളുടെയും പരിചയങ്ങളുടെയും അടിസ്ഥാനം ദൈവവചനം മാത്രമാണെന്ന് തെളിവു സഹിതം അദ്ദേഹം വ്യക്തമാക്കി. ഇതരവിഭാഗങ്ങളുടെ വചനവിരുദ്ധ നിലപാടുകളും അനുഭവങ്ങളിൽ അടിസ്ഥാനമിട്ട ബോധ്യങ്ങളും ദൈവപദ്ധതികൾക്കെതിരാണെന്നും ഡോ.ഒ.എം. സാമുവേൽ പ്രസ്താവിച്ചു.

പെന്തക്കൊസ്തു പ്രചാരകനായ മണർകാട് സ്വദേശി ഷിബു പീടിയേക്കൽ റാന്നിയിൽ ബ്രദറൺ സമൂഹത്തിനെതിരെ നടത്തിയ വചനവിരുദ്ധ പ്രസ്താവനകളും വെല്ലുവിളികളും സത്യവചനത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യുക എന്ന ഉദ്ദേശത്തിലാണ് സമ്മേളനം വിളിച്ചുകൂട്ടിയത്.

റാന്നീ പ്രാദേശീക സഭകളിലെ സഹോദരീ സഹോദരന്മാരുടെ പ്രാർത്ഥനയും പിന്തുണയും ഈ മഹാ സമ്മേളനത്തിന് ഉണ്ടായി.

➡7

## സാന്ത്വന സ്പർശമായി നല്ലിടയൻ

ന്യൂയോർക്ക് : അമേരിക്കയിലുള്ള ഒരു കൂട്ടം വിശ്വാസികളായ സഹോദരൻമാരുടെ നേതൃത്വത്തിൽ ആരംഭിച്ച ഒരു പ്രവർത്തനം ആണ് നല്ലിടയൻ മിനിസ്ട്രി. കഴിഞ്ഞ നാളുകളിൽ ഫലകരമായ പല പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുവാൻ ഈ പ്രവർത്തനത്തെ ദൈവം ഉപയോഗിച്ചു.

ഭവന നിർമ്മാണം, നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹം, പുതിയ സഭാ ഹോളുകളുടെ നിർമ്മാണം, വിദ്യഭ്യാസ സഹായം, രോഗികൾക്കുള്ള സഹായം, വിധവമാർക്കുള്ള സഹായം ഇങ്ങനെ വിവിധ നിലകളിൽ സാന്ത്വന സ്പർശനവുമായി സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ഇടയായിട്ടുണ്ട്.

ഓരോ വർഷവും ലഭിക്കുന്ന സഹായത്തിന്റെ അടിസ്ഥാനത്തിൽ ആവോളം ഈ പ്രവർത്തനം തുടരുവാൻ കർത്താവ് കൃപ ചെയ്തു. ഓരോ വർഷവും മദ്ധ്യവേനലവധി കഴിഞ്ഞ് സ്കൂളുകളിലേക്ക് പോകുന്ന കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുവാൻ ഈ പ്രവർത്തനത്തെ കർത്താവ് സഹായിച്ചുകൊണ്ടിരിക്കുന്നു.

ജീവിതത്തിന്റെ രണ്ട് അറ്റങ്ങൾ കൂട്ടി മുട്ടിക്കാൻ പകലന്തിയോളം അദ്ധ്വാനിക്കുന്ന മാതാപിതാക്കൻമാർക്ക് ഈ നല്ല പ്രവർത്തി വലിയ ആശ്വാസമായിട്ട് ഇരിക്കുന്നു. ഈ വർഷം ചാന്തുകാവ്, മാങ്കുളം, പെരുമ്പാവൂർ, പുന്നപ്രാ, കുമ്പനാട് കോളനി, കരിയംപ്ലാവ് എന്നിവിടങ്ങളിലുള്ള നൂറുകണക്കിന് കുട്ടികൾ ക്ക് സ്കൂൾകിറ്റ് എത്തിക്കുവാൻ ഇടയായി. 'നിങ്ങളുടെ നല്ല പ്രവർത്തിയെ കണ്ടിട്ട് മറ്റുള്ളവർ ദൈവത്തെ മഹത്വപ്പെടുത്തുന്നതിന് ഇടയാകണം' എന്ന ദൈവവചനം പ്രാവർത്തികമാക്കുവാൻ ഇടയായതിൽ സംഘാടകർ സന്തോഷമുള്ളവരാണ്. ഈ നല്ല പ്രവർത്തിക്കു വേണ്ടി ആത്മാർത്ഥമായി സഹകരിച്ച നിരവധി ദൈവമക്കളുണ്ട് അവരെ നന്ദിയോടെ ഓർക്കുന്നു.

നല്ലിടയൻ മിനിസ്ട്രീസിന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക. കഴിഞ്ഞകാലങ്ങളിൽ സാമ്പത്തിക സഹായം നൽകിയിട്ടുള്ള സഹോദരങ്ങളെ ഓർത്ത് ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. തുടർന്നും എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു. ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുവാൻ ആഗ്രഹിക്കുന്നവർ നല്ലിടയൻ പബ്ലീഷർ രാജൻ തോമസുമായി ബന്ധപ്പെടുക.

ഫോൺ 914-450-4966,
E-Mail:
pandanadan@yahoo.com

# സത്യം ഇനിയും മരീചികയോ? ചാണ്ടപ്പിള്ള ഫിലിപ്പ്




ശ്രീ. ഷിബു പീടിയേക്കൽ ദൈവവചനത്തിനുവേണ്ടി നിൽക്കുന്നവരും യേശുക്രിസ്തുവിന്റെ നാമം മുറുകെപിടിക്കുന്നവരുമായ ബ്രദറൺ ഉപദേഷ്ടാകന്മാരെ വെല്ലുവിളിച്ചുകൊണ്ട് പ്രസ്താവിച്ച അബദ്ധോപദേശങ്ങൾക്ക് മറുപടി നൽകാൻ ആവശ്യപ്പെടുകയുണ്ടായി. 'ഇളം നായ് കടി അറിയില്ല, ഇളം പോത്ത് വെട്ടറിയില്ല' എന്ന പഴഞ്ചൊല്ലിനോടൊക്കുന്ന ഷിബു മറുപടി തന്നെ അർഹിക്കുന്നില്ല. കാരണം, പെന്തക്കോസ്തു പ്രസ്ഥാനത്തിന്റെ കാരണവന്മാരായിരുന്ന വിലയേറിയ ദൈവദാസന്മാർ പോലും ബ്രദറൺ സഭകൾക്കെതിരെ പറഞ്ഞിട്ടില്ലാത്തതും പറയാൻ മടിച്ചിരുന്നതുമായ വിലകുറഞ്ഞ പ്രസ്താവനകൾ നടത്തി തന്റെ ആത്മീക നിലവാരം വെളിപ്പെടുത്തിയിരിക്കയാണ്. എങ്കിലും ഷിബുവിന്റെ പ്രഭാഷണം കേട്ട ജനം തന്റെ പ്രസംഗത്തിലെ വിവരക്കേട് മനസ്സിലാക്കി വചനസത്യം അറിയേണ്ടതിന് പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള ചില കാര്യങ്ങൾ ചുരുക്കമായി ചേർക്കുന്നു.

### ഷിബു ബ്രദറൺകാരെക്കുറിച്ച് പറഞ്ഞ മൂന്ന് കാര്യങ്ങൾ

**ബ്രദറൺകാർ ദുരുപദേശക്കാരാണ്.**

സദ്ഉപദേശം എന്താണെന്ന് അറിഞ്ഞെങ്കിലേ ദുരുപദേശം മനസ്സിലാക്കാൻ സാധിക്കയുള്ളു? പാരമ്പര്യപെന്തക്കോസ്തു സഭകളിൽ വചനം പഠിക്കുന്ന ദൈവദാസന്മാരുടെ ഗ്രന്ഥശേഖരണത്തിൽ നല്ല പങ്കും ബ്രദറൺ ഉപദേഷ്ഠാകന്മാരുടെ പുസ്തകങ്ങളാണെന്നു അവർ തന്നെ പറയുന്ന സത്യമാണ്. ഷിബുവിന് വായനയിലും പഠനസ്വഭാവവുമുണ്ടെങ്കിൽ തന്റെ പുസ്തകശേഖരത്തിലും ബ്രദറൺ എഴുത്തുകാരുടെ ഇംഗ്ലീഷ് മലയാളം പുസ്തകങ്ങളായിരിക്കും അധികവും സംശയമില്ല. ക്രൈസ്ത സമൂഹത്തിലെ ഇതരവിഭാഗങ്ങളിലെ വിവരമുള്ളവർ തികഞ്ഞ ആദരവോടെയാണ് ബ്രദറൺകാരെ കാണുന്നതും അവരുടെ ഉപദേശം കേൾക്കുന്നതും.ബ്രദറൺ ഉപദേശം എന്ന് ഒന്നില്ല, ബ്രദറൺകാരുടെ ഉപദേശം അപ്പോസ്തലിക ഉപദേശം ആണ്. അപ്പോൾ ദുരുപദേഷ്ടാക്കന്മാരല്ല ബ്രദറൺകാർ എന്ന് ഇവിടെ തെളിയുന്നു.

**പിശാചാണ് ബ്രദറൺകാരെ നയിക്കുന്നത്**

ഷിബു പീടിയേക്കലിന്റെ വിവരക്കേട് ആണ് ഇത്. ഇദ്ദേഹം പരീശന്മാരുടെ തലമുറയിൽപ്പെട്ട ആളാണോ? കാരണം, ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെട്ട യേശുക്രിസ്തുവിന്റെ പ്രവർത്തിയെക്കുറിച്ച് പരീശന്മാർ പറഞ്ഞത്; 'ഭൂതങ്ങളുടെ തലവനെകൊണ്ട് ഭൂതങ്ങളെ പുറ

➡7

## ബ്രദറൺ തിയോളജിക്കൽ കോളേജ്
### ക്ലാസ്സുകൾ ജൂൺ ആദ്യവാരം ആരംഭിക്കും

**കല്ലിശ്ശേരി :** ബ്രദറൺ തിയോളജിക്കൽ കോളേജിന്റെ പുതിയ ബാച്ച് ജൂൺ ആദ്യവാരം ആരംഭിക്കും. ഇംഗ്ലീഷ് മാധ്യമത്തിലുള്ള ബി.റ്റി.എച്ച് ബിരുദത്തിനായുള്ള മൂന്നു വർഷ കോഴ്സിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. രക്ഷിക്കപ്പെട്ടവരും സുവിശേഷവേലക്ക് വിളി ലഭിച്ചിട്ടുള്ളവരുമായ +2 വിദ്യാഭ്യാസയോഗ്യതയുള്ള യുവാക്കന്മാർക്ക് പ്രവേശനം ലഭിക്കും. ഇതര വചനപഠനശാലകളിൽ നിന്ന് പഠനം ലഭിച്ചിട്ടുള്ള 10-ാം ക്ലാസ് പാസായവർക്കും അപേക്ഷിക്കാം. സൗജന്യ താമസവും ഭക്ഷണവും ലഭിക്കും. പ്രഗത്ഭരായ കർതൃദാസന്മാർ വ ചനം പഠിപ്പിക്കും. വിവരങ്ങൾക്ക് :

BTC, Post Box No:15,
Kallissery, 689124,
Ph: 9947193528,
9567185934, 9447359517

## എഡിറ്റോറിയൽ

# വചനവിശകലനം ബ്രദറൺ സമൂഹത്തിന്റെ മഹത്വം

ബ്രദറൺകാരുടെ അഭിമാനമാണ് വചനാധിഷ്ഠിത ഉപദേശ രൂപങ്ങൾ. സത്യവചനത്തെ യാഥാർത്ഥമായി വിഭജിക്കുക എന്നത് തുടക്കം മുതൽ ശ്രദ്ധയോടെ കരുതിപ്പോന്ന വിഭാഗം. വചനം പ്രസംഗിക്കുക മാത്രമല്ല അതിനെതിരേ ഉയരുന്ന വെല്ലുവിളികളെ സധൈര്യം നേരിടുന്നതിലും മുന്നിലായിരുന്നു.

വിശ്വാസത്താലുള്ള രക്ഷ, രക്ഷയുടെ ഭദ്രത, വിശ്വാസികളുടെ പൗരോഹിത്യം, മരിച്ചവരോടും മരിച്ചവർക്കുവേണ്ടിയുമുള്ള പ്രാർത്ഥനകളിലെ അർത്ഥമില്ലായ്മ, പരിശുദ്ധാത്മാവും കൃപാവരങ്ങളും, അന്യഭാഷയും അഭിഷേകവും, സ്ഥലം സഭയുടെ സ്വാതന്ത്ര്യം, ഹൈരാർക്കി ഭരണവ്യവസ്ഥ തുടങ്ങിയ സമസ്തമേഖലകളിലും വചനം നൽകുന്ന ബോധ്യങ്ങളിൽ ഉറപ്പു നേടിയവരാണ് ബ്രദറൺകാർ.

വചനവിശകലനമികവിലുടെയാണ് കേരളീയ സമൂഹം ബ്രദറൺകാരെ വേദപുസ്തകത്തിന്റെ ഹോൾസെയിലുകാർ എന്ന് വിളിക്കാൻ ഇടയായത്.

അനുഭവങ്ങൾക്കും പാരമ്പര്യങ്ങൾക്കും യാതൊരു സ്ഥാനവും ദൈവസഭകളിൽ അനുവദിക്കുവാൻ വചനം കൂട്ടു നിൽക്കുന്നില്ല.

ഭവനസന്ദർശനം, പരസ്യയോഗങ്ങൾ, ധ്യാനം, ബൈബിൾ ക്ലാസ്, കൺവൻഷൻ, വ്യക്തിപര സുവിശേഷീകരണം ഇവയിലെല്ലാം നടക്കുന്ന പ്രധാനകാര്യപരിപാടി വചനവിശകലനം തന്നെ. വചനവിശകലന സമ്മേളനം നമ്മുടെ മധ്യേ നവാഗതൻ അല്ല.

അടുത്തയിടെ റാന്നിയിൽ ഒരു സമ്മേളനം വചനവിശകലനം തലക്കെട്ടിൽ നടക്കയുണ്ടായി. സമാനസമ്മേളനങ്ങൾ കേരളമൊട്ടാകെ നടത്തണമെന്ന് ഭൂരിപക്ഷചിന്ത രൂപപ്പെടുകയു

ഒരു നൂറ്റാണ്ടു പിന്നിട്ട വിശ്വാസ സമൂഹത്തിന് ഇനിയും ഉപദേശരൂപങ്ങളിലും അനുഷ്ഠാനങ്ങളിലും ഒരു വിശകലനവും പഠനവും ആവശ്യമില്ലെന്ന് വേദിയിൽ അവസരം ലഭിക്കാതെപോയ ചിലർ വിലപിക്കുകയുണ്ടായി അതിന് നവമാധ്യമങ്ങളെ സഹായത്തിനും കണ്ടെത്തി. ഫോണും വാട്സ്ആപ്പും ഫെയ്സ് ബുക്കും ഉപയോഗിച്ചു ഗ്രൂപ്പുകളേയും കണ്ടെത്തി ഞാഞ്ഞൂലും തലപൊക്കുന്ന കാലമാണിത് എന്ന് നിരീക്ഷകർക്ക് അറിയാം.

മുണ്ടായി. തങ്ങൾ വിശ്വസിച്ചുപോരുന്നവ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ശരിയാണെന്ന് ബോധ്യപ്പെടുമ്പോൾ ഉണ്ടാകുന്ന സന്തോഷം എത്ര വലുതാണ്?

ബ്രദറൺകാർക്ക് തുടക്കം മുതൽ ശക്തമായ മുൻനിര പ്രതിരോധകർ ഉണ്ടായിരുന്നു. മഹാകവി കെ.വി. സൈമൺ, കുമ്പനാട്ടച്ചൻ, പി.വി.ജോർജ്ജ്, ഇ.പി. വർഗീസ്, വൈ. എസക്കിയേൽ, സി.വി. ജോർജ്ജ്, കെ.ജി.തോമസ്, എം.ഇ. ചെറിയാൻ, വി.റ്റി.മത്തായി, കെ.ജി. കുര്യൻ, എം.എം.സഖറിയ തുടങ്ങിയ പ്രഗത്ഭമതികളെ വിസ്മരിക്കാറായിട്ടില്ല.

ഈ മഹാപ്രസ്ഥാനത്തോട് കൂറുണ്ടായിരുന്നവർ ഈ ശുശ്രൂഷകരോട് ആദരവുള്ളവരും അവരുടെ ശുശ്രൂഷകളെ മാനിക്കുന്നവരും ആയിരുന്നു. സഭകളെ ഉത്സാഹിപ്പിച്ചും പിന്നിൽനിന്നും അവർ സത്യത്തിന്റെ സാക്ഷികളായി.

ഒരു നൂറ്റാണ്ടു പിന്നിട്ട വിശ്വാസ സമൂഹത്തിന് ഇനിയും ഉപദേശരൂപങ്ങളിലും അനുഷ്ഠാനങ്ങളിലും ഒരു വിശകലനവും പഠനവും ആവശ്യമില്ലെന്ന് വേദിയിൽ അവസരം ലഭിക്കാതെ പോയ ചിലർ വിലപിക്കുകയുണ്ടായി അതിന് നവമാധ്യമങ്ങളെ സഹായത്തിനും കണ്ടെത്തി. ഫോണും വാട്സ്ആപ്പും ഫെയ്സ് ബുക്കും ഉപയോഗിച്ചു ഗ്രൂപ്പുകളേയും കണ്ടെത്തി ഞാഞ്ഞൂലും തലപൊക്കുന്ന കാലമാണിത് എന്ന് നിരീക്ഷകർക്ക് അറിയാം.

ഫെയ്സ് ബുക്കിലൂടെയും വാട്സ് ആപ്പിലൂടെയും സമൂഹത്തിലേക്ക് വിഷം ചീറ്റുമ്പോൾ സ്വന്തം വ്യക്തിത്വമാണ് പ്രദർശിപ്പിക്കപ്പെടുന്നതെന്ന് ഇക്കൂട്ടർ മനസ്സിലാക്കുന്നില്ല. വചനവിശകലനം ആർക്കും ആരുമാകാനുള്ള വേദിയല്ല. വചനവും ദൈവവ്യവസ്ഥകളും ഉയർത്തിപ്പിടിക്കുക എന്നതിൽ കവിഞ്ഞ ലക്ഷ്യം ഇല്ല.

ബ്രദറൺകാരുടെ ഗുണഭോക്താക്കൾ അവരുടെ നന്മയ്ക്കും ഭാവിക്കുംവേണ്ടി അദ്ധ്വാനിക്കയും നിലനിൽക്കയും വേണം. ചോറും കൂറും ഒരിടത്തുതന്നെ ആയിരിക്കണം. പെന്തക്കോസ്തോ, ബ്രദറോ, ഐക്യകൺവൻഷനോ എന്തായാലും അവസരങ്ങൾ മതി, കീശ നിറഞ്ഞാൽ മതി എന്നു കരുതുന്നവർ ബ്രദറൺകാർ പിടിച്ചിരിക്കുന്ന ഉപദേശരൂപത്തിന് എതിരാണെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്.

## ധ്യാനം

# ഒരു സുവിശേഷകന്റെ പ്രഭാത പ്രാർത്ഥന

സുവി. പി.ഐ. ജേക്കബ്



പണത്തോടു എന്റെ സ്നേഹം തെല്ലു കുറയുവാൻ നിന്റെ തിരുകൃപ ഉണ്ടാകുകയും അതിനുള്ള കൗശലവാക്കുകൾ ഒരു ഭാഷയിലും പറയാതിരിപ്പാൻ വരം തരികയും ചെയ്യണമേ. വിശുദ്ധ ജീവിതത്തെപ്പറ്റിയുള്ള എന്റെ അറിവെല്ലാം വച്ചുകൊണ്ട് മറ്റുള്ളവരോട് അതൊന്നും പറയാതെയിരിക്കുന്നതു എനിക്കു പ്രയാസമാണ്. എങ്കിലും നാഥാ എന്റെ അഭിപ്രായമെല്ലാം ഉപദേശമാക്കാതെയിരിപ്പാൻ സഹായിക്കേണമെ.

“സകല ഹൃദയങ്ങളേയും ആരാഞ്ഞറിയുന്ന കർത്താവേ:,

ഏലിയാവിന്റെ കാലത്തെപ്പോലെ ഞാനൊരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു എന്നു കരുതി, തീഷ്ണതയും ഭക്തിവൈരാഗ്യവും ശുശ്രൂഷാതല്പരതയുമുള്ളവനായി ദൈവജനത്തിന്റെ ഉദ്ധാരണത്തിനായി പ്രാർത്ഥിക്കാൻ എന്നെ സഹായിക്കേണമേ. ലോകമെങ്ങുമുള്ള നിന്റെ ശുശ്രൂഷയുടെ ഭാരങ്ങൾ ചുമക്കുവാൻ ബലഹീനനായ അടിയനാൽ സാദ്ധ്യമല്ലെല്ലോ. അതിനാൽ പരകാര്യത്തിൽ തലയിടാതെ, അവിടുന്ന് എന്നെ ഏല്പിച്ചിരിക്കുന്ന ചുമതലകൾ തിരിച്ചറിഞ്ഞു നിറവേറ്റുവാൻ മാത്രമുള്ള കൃപയും വിവേകവും തരേണമേ.

പ്രസംഗക്കൊതിയിൽ നിന്നും എന്നെ രക്ഷിച്ച്, ഏതു രംഗമായാലും രണ്ടുവാക്കു പറഞ്ഞ് മറ്റുള്ളവരുടെ മുമ്പിൽ എന്റെ കഴിവുകൾ ജ്വലിപ്പിക്കണമെന്നുള്ള പ്രതാപമോഹത്തിൽ നിന്നും എന്നെ വിടുവിക്കണമെ. പ്രസംഗിക്കുമ്പോൾ നിന്റെ വചനം അറിയിപ്പാനും പ്രാർത്ഥിക്കുമ്പോൾ ദൈവം കേൾക്കുന്നുണ്ടെന്നു ഓർമ്മിച്ചുകൊള്ളുവാനും എന്നെ സഹായിക്കണമേ.

ജനത്തിന്റെ മുൻപിൽ ഏതു വിധേനയും വലിയവനാകുവാനുള്ള എന്റെ മോഹം കുറച്ച്, തിരുമുമ്പിൽ വലിയവനാകുവാൻ താല്പര്യം വർദ്ധിപ്പിക്കേണമെ.

മറ്റുള്ള വിശ്വാസികളുടെയെല്ലാം തെറ്റുതിരുത്തുവാനുള്ള കൗതുകം കുറച്ച്, സ്വന്തകുറ്റങ്ങളെ ഉള്ള പ്രകാരം കാണുവാൻ കൃപ തരണമേ. ചിലപ്പോഴൊക്കെ എനിക്കും തെറ്റുവരുവാൻ ഇടയുണ്ടെന്നുള്ള ആശ്ചര്യകരമായ പാഠം പഠിക്കുവാൻ കൃപ ചെയ്യണമെ.

നിന്റെ കൃപയും സ്നേഹവും വിളങ്ങുന്നവനായി ജനമദ്ധ്യത്തിൽ ജീവിപ്പാൻ ഇടയാക്കേണമേ. വലിയ പുണ്യവാന്മാരിലൊരുവനാകുവാൻ എനിക്കു മോഹമില്ലെന്നുവരികിലും മിക്കവരോടും കൂടെ ജീവിക്കുകപോലും സാദ്ധ്യമല്ലല്ലൊ. എന്നാൽ ധർമ്മോപദേശപ്രിയനായ ഒരു പുളിച്ച ഉപദേശിയായി, പിശാചിന്റെ കൗശലവേലകൾ നാൾതോറും വെളിപ്പെടുത്തുന്നവനാകുവാൻ എനിക്കിടവരരുതെ.

മറ്റുള്ളവരുടെ ദു:ഖങ്ങളെപ്പറ്റി ക്ഷമയോടെ കേൾക്കുവാനും സ്വന്ത ദു:ഖങ്ങളെ ക്ഷമയോടെ സഹിപ്പാനും കൃപ തരേണമേ. എന്റെ പ്രയാസങ്ങളെപ്പറ്റി പറയാതവണ്ണം എന്റെ അധരങ്ങൾക്കു മുദ്രയിടേണമെ. കാരണം, എന്റെ ഞെരുക്കങ്ങളും, അവയെപ്പറ്റി വിവരിക്കുവാനുള്ള എന്റെ പ്രിയവും നാൾതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

പണത്തോടു എന്റെ സ്നേഹം തെല്ലു കുറയുവാൻ നിന്റെ തിരുകൃപ ഉണ്ടാകുകയും അതിനുള്ള കൗശലവാക്കുകൾ ഒരു ഭാഷയിലും പറയാതിരിപ്പാൻ വരം തരികയും ചെയ്യണമേ. വിശുദ്ധ ജീവിതത്തെപ്പറ്റിയുള്ള എന്റെ അറിവെല്ലാം വച്ചുകൊണ്ട് മറ്റുള്ളവരോട് അതൊന്നും പറയാതെയിരിക്കുന്നതു എനിക്കു പ്രയാസമാണ്. എങ്കിലും നാഥാ എന്റെ അഭിപ്രായമെല്ലാം ഉപദേശമാക്കാതെയിരിപ്പാൻ സഹായിക്കേണമെ.

പരദൂഷണം കേൾക്കുവാനുള്ള എന്റെ താല്പര്യം കളഞ്ഞ് അതു പറയുന്നവരെ നിരുത്സാഹപ്പെടുത്തുവാനും, അപ്പോൾ തന്നെ അതു പറയുന്ന പ്രിയപ്പെട്ടവരുടെ ശത്രുത ഒഴിവാക്കുവാനും പ്രത്യേകം പാടവം തരണമെ.

ബാഹ്യമായി വളരെ സേവനശുഷ്ക്കാന്തി വെളിപ്പെടുത്തുമ്പോഴും ആത്മാവു നിന്നോടുള്ള കൂട്ടായ്മ അറിയാതെ വരണ്ടു പോകുവാൻ സാധിക്കുമെന്ന് എന്നെകൂടെ കൂടെ അനുസ്മരിപ്പിക്കേണമേ. സ്വർഗ്ഗീയ കനാനിലെ അവകാശങ്ങൾ ഉപേക്ഷിച്ച് യോർദ്ദാനിക്കരെ സമ്പാദ്യങ്ങൾ തേടുവാൻ എനിക്കു ഒരു കാരണവശാലും ഇടയാകരുതെ.

ബാഹ്യമായി വളരെ സേവനശുഷ്ക്കാന്തി വെളിപ്പെടുത്തുമ്പോഴും ആത്മാവു നിന്നോടുള്ള കൂട്ടായ്മ അറിയാതെ വരണ്ടു പോകുവാൻ സാധിക്കുമെന്ന് എന്നെ കൂടെ കൂടെ അനുസ്മരിപ്പിക്കേണമേ. സ്വർഗ്ഗീയ കനാനിലെ അവകാശങ്ങൾ ഉപേക്ഷിച്ച് യോർദ്ദാനിക്കരെ സമ്പാദ്യങ്ങൾ തേടുവാൻ എനിക്കു ഒരു കാരണവശാലും ഇടയാകരുതെ.

ക്രിസ്തീയ ദർശനം CHRISTHEEYA DARSANAM
ചീഫ് എഡിറ്റർ **വർഗീസ് തോമസ്** 9447368463
പ്രസാധകൻ **രാജു കെ. തോമസ്** 9447074308
മാനേജിങ് എഡിറ്റർ **നിനോ കെ. തോമസ്** 9947744455
എഡിറ്റോറിയൽ ബോർഡ് **ജേക്കബ് സാം, എം. കെ. തോമസ്**, **ലിജോ വർഗീസ് പാലമറ്റം, ജോസഫ് മാത്യു, ജോസഫ് പുന്നൂസ്**, അഡ്വൈസറി ബോർഡ് **ജോർജ്ജ് പീറ്റർ പ്രൊഫ. മാത്യൂസ് ഏബ്രഹാം, സി. പി. അനിയൻ, ജോൺസൻ പി. സാം**

# ആത്മരക്ഷയുടെ പത്ത് പ്രത്യേകതകൾ

ജോൺ ഫിലിപ്സ്



**1. രക്ഷ സകലർക്കും വേണ്ടിയുള്ളത്.**
"സകലജാതികളുടെയും മുമ്പിൽ ഒരുക്കിയ രക്ഷ" എന്ന പേര് ലോകരക്ഷകനായ ക്രിസ്തുവിനുണ്ട് (ലൂക്കോസ് 2:29–32). "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരും രക്ഷിക്കപ്പെടും" (റോമർ 10:13).

**2. രക്ഷ സൗജന്യം.**
ഇതിനുവേണ്ടി പുണ്യകർമ്മങ്ങളോ, കൂദാശകളോ, തീർത്ഥാടനമോ, പണമോ ഒന്നും ആവശ്യമില്ല. മനുഷ്യപ്രയത്നത്താൽ രക്ഷ കിട്ടുമായിരുന്നെങ്കിൽ പിന്നെ ക്രിസ്തു വന്ന് പാപപരിഹാരമായി മരിച്ചുയിർത്തെഴുന്നേല്ക്കേണ്ട ആവശ്യമില്ലായിരുന്നു. 'ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ ക്രിസ്തു മരിച്ചത് വെറുതെ അല്ലോ' (ഗലാത്യർ 2:21). രക്ഷ ദൈവത്തിന്റെ ദാനമാണ്. വിശ്വാസത്താൽ അത് സ്വീകരിക്കാം, വില കൊടുത്തല്ലല്ലോ ദാനം സ്വീകരിക്കുന്നത് (റോമർ 5:17; എഫെസ്യർ 2:8; വെളിപ്പാട് 7:10).

**3. രക്ഷ സമ്പൂർണ്ണം.**
പാപത്തിന്റെ ശിക്ഷയിൽ നിന്നും സ്വാധീനത്തിൽ നിന്നും പാപത്തിന്റെ ശക്തിയിൽ നിന്നുമാണ് ദൈവം നമ്മെ രക്ഷിക്കേണ്ടത്. ശരീരവും പ്രാണനും, ആത്മാവും ഉൾപ്പെട്ട പൂർണ്ണ മനുഷ്യനെയാണ് രക്ഷിക്കേണ്ടത്. അങ്ങനെ മനുഷ്യനെ പൂർണ്ണമായി രക്ഷിക്കാം എന്ന് വാഗ്ദത്തം ചെയ്തത് ക്രിസ്തുമാത്രമാണ്. അതിനുവേണ്ടി ക്രിസ്തു മരിച്ച്, അടക്കപ്പെട്ട്, ഉയർത്തെഴുന്നേറ്റ് സദാകാലത്തേക്കും ജീവിച്ചിരിക്കുന്നു എന്നും ഈ പൂർണ്ണ രക്ഷയുടെ പൂർത്തീകരണത്തിനായി വീണ്ടും വരുമെന്നും പ്രഖ്യാപനം ചെയ്തിട്ടുള്ള ചരിത്രത്തിലെ ഏകവ്യക്തിയാണ്. ലോകരക്ഷിതാവും കർത്താവുമായ യേശുക്രിസ്തു (1 തെസ്സലോനിക്യർ 5:23,4:13–17, റോമർ 8:23, 1 കൊരിന്ത്യർ 1:7, 15:51–53, ഫിലിപ്യർ 3:20–21). 'അതുകൊണ്ട് ക്രിസ്തു മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവരെ പൂർണ്ണമായി രക്ഷിക്കുവാൻ അവൻ പ്രാപ്തനാകുന്നു' (എബ്രായർ 7:25).

**4. ക്ഷണത്തിൽ പ്രാപിക്കാം.**
ആയുസ്സു മുഴുവനും ആത്മരക്ഷയ്ക്കുവേണ്ടി പരിശ്രമിക്കയും പുണ്യം ചെയ്യുകയും ചെയ്തിട്ട് ഒടുവിൽ എവിടേക്ക് പോകുന്നു എന്നറിയാതെ മരണത്തെ അഭിമുഖീകരിക്കുന്ന അനുഭവമല്ല സുവിശേഷം നമുക്ക് നല്കുന്നത്. വിശ്വസിക്കുന്നവന് നിത്യജീവനുണ്ടെന്ന് കർത്താവ് പറഞ്ഞു (യോഹന്നാൻ 6:47) "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" യേശു തരുന്ന ഉറപ്പാണിത് (യോഹന്നാൻ 5:24,11:25).

**5. മരണാനന്തര ജീവിതത്തിന്റെ ഉറപ്പ്.**
'ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും (നരകവിധി) ഇല്ല' (റോമർ 8:1).

**6. രൂപാന്തരം നൽകും.**
ഒരു വിശുദ്ധ ജീവിതത്തിനുള്ള ദിവ്യമായ ശക്തി ലഭിക്കുന്നു. പേരുകൊണ്ടുമാത്രം ക്രിസ്തു വിശ്വാസികളായിരിക്കുന്നവരുടെ കാര്യമല്ലിത്. "ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു (2 കൊരിന്ത്യർ 5:17)"

**7. ആത്മാവിൽ ധൈര്യം ലഭിക്കും.**
എവിടെയും ഏതുനേരത്തും, ഏതവസ്ഥയിലും പ്രാർത്ഥനയിലൂടെ ക്രിസ്തുവുമായി ബന്ധം പുലർത്താം. നമ്മുടെ ആവശ്യങ്ങളും, സങ്കടങ്ങളും അവിടുത്തോട് അറിയിക്കാം. മറുപടി ഉടനെ ലഭിക്കാം. താമസിച്ച് ലഭിക്കാം. ലഭിച്ചില്ലെന്നു വരാം. മറുപടി എന്തായാലും നമ്മുടെ നന്മയ്ക്കായിട്ട് മാത്രം അതെല്ലാം പരിണമിക്കും. (യോഹന്നാൻ 16:23–24; 14:13; റോമർ 8:28). ദൈവസന്നിധിയിൽ നമുക്കുവേണ്ടി പക്ഷവാദം (മദ്ധ്യസ്ഥത) ചെയ്യുന്ന "ഒരു മഹാപുരോഹിതൻ നമുക്ക് ഉണ്ട്" ക്രിസ്തുവല്ലാതെ ഒരു പുരോഹിതനും ഇല്ല. അവിടുന്ന്, 'പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേർപെട്ടവൻ, സദാ പക്ഷവാദം ചെയ്യുന്നവൻ' ആണ് (എബ്രായർ 7:26;8:2). 'അതുകൊണ്ട് കരുണ ലഭിപ്പാനും തൽസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനും ആയി നാം ധൈര്യത്തോടെ കൃപാസനത്തിനടുത്തു ചെല്ലുക' (എബ്രായർ 4:16).

**8. മദ്ധ്യസ്ഥനെ നൽകും.**
"ദൈവം ഒരുവനല്ലോ. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ" (1 തിമൊഥെയോസ് 2:5–6). ഈ മദ്ധ്യസ്ഥൻ മുഖാന്തരം ദൈവത്തിനടുത്തേയ്ക്ക് ചെന്ന് ഏതപേക്ഷയും അർപ്പിക്കാമെന്ന സന്തോഷവും സത്യവും നമ്മിൽ ഉണർവ്വേകുന്നു (എബ്രായർ 7:25; യോഹന്നാൻ 16:23–24).

**9. പ്രത്യാശയുടെ അടിസ്ഥാനം.**
യേശുക്രിസ്തു വീണ്ടും വരുമെന്നും, നമ്മുടെ ശരീരം തേജസ്സുള്ളതായി തിരികെ കിട്ടുമെന്നുള്ളതാണ് പ്രത്യാശ. മരിച്ചുപോയ വിശ്വാസികൾ ഉയിർക്കും. ജീവനോടിരിക്കുന്നവർ രൂപാന്തരപ്പെടും. എല്ലാവർക്കും തേജസ്ക്കരിക്കപ്പെട്ട ശരീരം ലഭിക്കും. അവർ ക്രിസ്തുവിനോടുകൂടെ എന്നന്നേക്കും ജീവിക്കും (1 തെസ്സലോനിക്യർ 4:16–18; റോമർ 8:23). ഈ മഹത് പ്രത്യാശ ക്രിസ്തുമാർഗ്ഗത്തിന് മാത്രമായുള്ളതാണ്. ക്രിസ്തുവിന്റെ മാർഗ്ഗത്തെ "പ്രത്യാശയുടെ മാർഗ്ഗം" എന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. 'പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്', "ജീവനുള്ള പ്രത്യാശയ്ക്കായിട്ട് നമ്മെ രക്ഷിച്ചിരിക്കുന്നു" (റോമർ 8:24; 1 പത്രൊ 1:3). പ്രത്യാശാ നിവൃത്തിയെ നാം കാത്തിരിക്കുന്നു (ഗലാത്യർ 5:5; കൊലൊസ്യർ 1:3). ക്രിസ്തു വരുമ്പോൾ, "നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും" (ഫിലിപ്യർ.3:20–21). 'എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു... ഞാൻ ദേഹസഹിതനായി അവനെ കാണും. അന്യനല്ല എന്റെ സ്വന്ത കണ്ണുകൊണ്ട് അവനെ കാണും'. 4000 വർഷങ്ങൾക്കുമുമ്പ് വിശുദ്ധ ബൈബിളിലെ ഇയ്യോബ് എന്ന ഭക്തൻ ഉന്നയിച്ച ഈ പ്രത്യാശയുടെ വാക്കുകൾ പൂർത്തിയാകുന്നത് ക്രിസ്തുവിന്റെ പുനരാഗമന സമയത്താണ് (ഇയ്യോബ് 19:25–27).

**10. സംരക്ഷണം ലഭിക്കും.**
ദൈവജനം ദൈവാത്മാവിനാൽ നയിക്കപ്പെടുന്നു. ദൈവകൃപയാൽ ശക്തിപ്പെടുന്നു. കഷ്ടനഷ്ടങ്ങളുണ്ടെങ്കിലും പാലിക്കപ്പെടുന്നു. ബാലശിക്ഷയാൽ ശുദ്ധീകരിക്കപ്പെടുന്നു (റോമർ 8:14;8:35–39; 2 കൊരിന്ത്യർ 12:9; എബ്രായർ 1:14).



# ഇണയല്ലാപ്പിണ

ദൈവജനത്തിനും ദൈവത്തിന്റെ വേലക്കാർക്കും പരസ്പരം ഒരേ മനോഭാവവും ഉപദേശത്തിലും പെരുമാറ്റത്തിലും വിശുദ്ധിയും ഐക്യവും ഉണ്ടായിരിക്കണം. അല്ലാതെ അവിശ്വാസികളും നാസ്തികന്മാരുമായവരെ കൂട്ടുപിടിച്ച് അവരോട് സഹകരിച്ച് ദൈവികമായ പ്രവർത്തനങ്ങളിൽ ഇടപെടുന്നത് ന്യായീകരിപ്പാൻ നിർവാഹമില്ല.
ലോകപ്രകാരം മാന്യന്മാരായവരോട് അവിഹിതമായി ചേർന്ന് മനുഷ്യരുടെ ബഹുമാനം നേടുന്നതിൽ ദൈവമക്കൾക്കു സന്തോഷം തോന്നരുത്.

"കാളയേയും കഴുതയേയും ഒന്നിച്ചു പൂട്ടി ഉഴരുത്; ആട്ടുരോമവും ചണവും കൂട്ടിക്കലർന്ന വസ്ത്രം ധരിക്കരുത്" (ആവർത്തനം 22:10,11).

ദൈവം തിരഞ്ഞെടുത്ത് വിളിച്ചു വീണ്ടെടുത്തു വേർതിരിച്ച തന്റെ ജനമായ യിസ്രായേലിന് അവൻ നല്കിയിട്ടുള്ള വിശിഷ്ട ചട്ടങ്ങളിൽ ഉൾപ്പെട്ടതാണ് മേലുദ്ധരിച്ചിരിക്കുന്ന വാക്യങ്ങൾ. അവരെ അന്യജാതികളുമായി ഇടകലരാൻ അനുവദിച്ചിരുന്നില്ല. "തനിച്ചു പാർക്കുന്ന ജനം" എന്നത് അവരുടെ സവിശേഷതയായിരുന്നു. ഇതര ജാതികളിൽ നിന്നും എല്ലാത്തരത്തിലും അവർ പ്രത്യേകതയുള്ളവരായിരിക്കണമെന്ന് അവരെക്കുറിച്ച് ദൈവം ആഗ്രഹിച്ചിരുന്നു. ആരാധനയ്ക്കുള്ള ചട്ടങ്ങൾ പൊലെതന്നെ സാമുഹ്യ ഇടപാടുകളെ സംബന്ധിച്ചുള്ള പ്രമാണങ്ങളും അവർക്കു നൽകിയിരുന്നു. ആ ജനതയിൽ ഉണ്ടായ ജയാപജയങ്ങളിൽ നിന്നും പല ആത്മീയ പാഠങ്ങളും ഇന്നു ദൈവസഭയ്ക്കു പഠിക്കുവാനുണ്ട്. അങ്ങനെ വചനത്തിൽ പറഞ്ഞിട്ടുമുണ്ട്. "മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ടും ........ എഴുതിയുമിരിക്കുന്നു" റോമ (15:4) "ഇത് ദൃഷ്ടാന്തമായി അവർക്കു ഭവിച്ചു. ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധ്യുപദേശത്തിനായി എഴുതിയുമിരിക്കുന്നു" (1 കൊരി 10:11) അപ്പോസ്തലൻ രേഖപ്പെടുത്തിയിട്ടുണ്ട്. "മെതിക്കുന്ന കാളയ്ക്കു മുഖക്കൊട്ട കെട്ടരുത്" എന്ന പ്രമാണം ഉദ്ധരിച്ചുകൊണ്ട്, ദൈവം കാളയ്ക്കുവേണ്ടിയോ ചിന്തിക്കുന്നത് എന്ന് ചോദിച്ചശേഷം അതിനെ വിശദീകരിക്കയും "നമുക്കുവേണ്ടി എഴുതിയിരിക്കുന്നത് എന്നു പറകയും ചെയ്യുന്നതുപോലെ, കാളയേയും കഴുതയേയും ഒന്നിച്ചു പൂട്ടി ഉഴരുത് എന്നും ആട്ടുരോമവും ചണവും കൂട്ടിക്കലർന്ന വസ്ത്രം ധരിക്കരുത് എന്നും കല്പിച്ചിരിക്കുന്നതിലുള്ള ആത്മീയ പാഠം നാം ഗ്രഹിക്കേണ്ടതാണ്.

ദൈവജനത്തിനുണ്ടായിരിക്കേണ്ട വേർപാടുജീവിതത്തെയാണ് ഇത് പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത്. മേലുദ്ധരിച്ച വാക്യങ്ങൾക്ക് അതിൽത്തന്നെയുള്ള ആശയത്തെ വിശദീകരിക്കാൻ തുനിയുന്നില്ല.

അപ്പോസ്തലനായ പൗലോസ് വേർപാടിന്റെ ആവശ്യത്തെക്കുറിച്ച് 2 കോരി 6 ൽ 14 – 17 ൽ പരാമർശിക്കുന്നു. "നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്" എന്ന് അപ്പോസ്തലൻ അവിടെ പറയുന്നത് ശ്രദ്ധിക്കുക. കാളയെന്നത് തിരുവെഴുത്തുകളിൻപ്രകാരം ഒരു ശുദ്ധിയുള്ള മൃഗമാണ്. അതിനെ യാഗത്തിനും വേലയ്ക്കും ഉപകരിക്കും. എന്നാൽ കഴുത അങ്ങനെയല്ല. കഴുതയുടെ കടിഞ്ഞൂലിനെ ഒക്കെയും ആട്ടിൻകുട്ടിയെക്കൊണ്ട് വീണ്ടുകൊള്ളണം. അല്ലെങ്കിൽ അതിന്റെ കഴുത്ത് ഒടിച്ചു കളയണം എന്നാണ് വിധി (പുറ. 13:13). അങ്ങനെ നോക്കുമ്പോൾ ഇവ രക്ഷിക്കപ്പെട്ടവരെയും രക്ഷിക്കപ്പെടാത്തവരെയും പ്രതിനിധീകരിക്കുന്നു. അവർ ഒന്നു ചേർന്നു വേലയ്ക്കു പോകാനോ ദൈവികപ്രവർത്തനങ്ങളിൽ പങ്കെടുക്കാനോ പാടില്ല. ദൈവജനത്തിനും ദൈവത്തിന്റെ വേലക്കാർക്കും പരസ്പരം ഒരേ മനോഭാവവും ഉപദേശത്തിലും പെരുമാറ്റത്തിലും വിശുദ്ധിയും ഐക്യവും ഉണ്ടായിരിക്കണം. അല്ലാതെ അവിശ്വാസികളും നാസ്തികന്മാരുമായവരെ കൂട്ടുപിടിച്ച് അവരോട് സഹകരിച്ച് ദൈവികമായ പ്രവർത്തനങ്ങളിൽ ഇടപെടുന്നത് ന്യായീകരിപ്പാൻ നിർവാഹമില്ല.

ലോകപ്രകാരം മാന്യന്മാരായവരോട് അവിഹിതമായി ചേർന്ന് മനുഷ്യരുടെ ബഹുമാനം നേടുന്നതിൽ ദൈവമക്കൾക്കു സന്തോഷം തോന്നരുത്.

വേർപാടുനില സൃഷ്ടിയുടെ ആരംഭം മുതൽ ഉള്ളതാണ്. വെളിച്ചത്തെ ഉണ്ടാക്കിയപ്പോൾത്തന്നെ "ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർതിരിച്ചു" എന്നു കാണുന്നു. "ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്. അവയെ ശാസിക്കയത്രേ വേണ്ടത് എന്നു വചനം നിഷ്ക്കർഷിക്കുമ്പോൾ ശാസിക്കുന്നതിനു പകരം സഹകരിക്കാൻ വെമ്പൽകൊള്ളുന്നത് എത്ര ശോചനീയമാണ്.

ഇക്കാലത്ത് ഇണയല്ലാപ്പിണ പലതരത്തിൽ നടക്കുന്നുണ്ട്. വിവാഹത്തിൽ രക്ഷിക്കപ്പെട്ടവരും അല്ലാത്തവരും തമ്മിൽ ബന്ധപ്പെടുന്നു. അതു വചനവിരുദ്ധമാണ് (1 കോരി. 7:39). ചിലർ അവരുടെ തൊഴിലുകളിൽ അവിശ്വാസികളുമായി പങ്കു ചേരുന്നതിൽ

➡6



# പരീക്ഷ

ബോബി ജോസ്

അമൂല്യലോഹങ്ങൾ കൊണ്ട് നിർമ്മിക്കപ്പെട്ട പല മനുഷ്യരുടെയും പാദങ്ങൾ കളിമണ്ണിലാണ് തീർത്തതെന്നമട്ടിൽ നടുക്കുന്ന ഒരു ദർശനം ഡാനിയേൽ കാണുന്നുണ്ട്. ഒരു പ്രതിമ. ശിരസ്സ് തങ്കം കൊണ്ട്, മാറും കരങ്ങളും വെള്ളികൊണ്ട്, വയറും തുടകളും താമ്രംകൊണ്ട്, കാലുകൾ ഇരുമ്പ്, എന്നാൽ പാദങ്ങൾ ഇരുമ്പും കളിമണ്ണും ചേർന്നത്. അതിലാണ് ഒരു കല്ലു വീണത്. നിമിഷാർദ്ധത്തിൽ വിഗ്രഹം ഛിന്നഭിന്നമായി ഡാനിയേൽ 2-31 പ്രലോഭനത്തിന്റെ കല്ല് വന്ന് വീഴുന്നത് നിങ്ങളുടെ മനസ്സിന്റെ ദുർബലമായ ഇടത്തിലാണ്. സ്വന്തം മൺപാദങ്ങളെ തിരിച്ചറിയാൻ നിങ്ങൾക്ക് ലഭിക്കുന്ന ഊഴമാണ് പ്രലോഭനം.

ശരീരത്തിന്റെ ഭ്രമങ്ങളിലേക്ക് പാളരുത് എന്ന് നിശ്ചയിച്ചുറപ്പിച്ച ദിനങ്ങളിലായിരുന്നു അത്. വിയന്നയിൽ വെച്ച് കസൻദ്സാക്കീസ് ഒരു പെൺകുട്ടിയെ ശ്രദ്ധിച്ചു. അന്നു രാത്രിയിൽ അയാളുടെ ഉടലിൽ കരിപ്പുകൾ പൊട്ടിത്തുടങ്ങി. ചുണ്ടുകൾ വിണ്ടുകീറി. വിയന്ന വിടുവോളം അതയാളെ പരിഭ്രമിപ്പിച്ചു. ആ നഗരം വിട്ട നിമിഷത്തിൽ അയാൾക്ക് തന്റെ ശരീരത്തിന്റെ സ്നിഗ്ദ്ധത തിരികെ കിട്ടി. ഡോക്ടർ അയാളുടെ രോഗത്തിനിട്ട പേര് താപസരുടെ ജ്വരമെന്നായിരുന്നു. സാധാരണ ജീവിതത്തിന്റെ ഒഴുക്കിൽ പൊങ്ങുതടിപോലെ മുങ്ങിയും പൊങ്ങിയും തീരുന്ന ജീവിതങ്ങൾക്കീ രോഗത്തിന്റെ അസ്കിത ഉണ്ടാവില്ലെന്നതാണ്, അതിന്റെ പ്രത്യേകത.

പറഞ്ഞുവരുന്നത് നഗരത്തിലല്ല, ഹൃദയത്തിന്റെ മരുഭൂമികളിലാണ് പ്രലോഭിപ്പിക്കപ്പെടുന്നതെന്ന്. ഗലികളെക്കാൾ ഒരാൾക്കിടറാനുള്ള സാദ്ധ്യതകൾ ആവൃതിയുടെ ഇടനാഴിക് ഒളിപ്പിച്ചുവയ്ക്കുന്നുവെന്നർത്ഥം. ചില നിഷ്ഠയിലും നിശബ്ദതയിലും സ്വന്തം ആത്മാവിനെ അഭിമുഖീകരിക്കാൻ തയ്യാറാകുന്ന ആരുടെയും തലവരയാണിതെന്നോർത്താൽ മതി. ഇണക്കിയതും മെരുക്കിയതുമെന്ന് നിങ്ങൾ ഹുങ്കുപറഞ്ഞതൊക്കെ ഇപ്പോൾ ശക്തമായി അലറി വിളിക്കുന്നു. വന്യമൃഗങ്ങളുടെ മദ്ധ്യേയാണ് മർക്കോസ് സുവിശേഷകൻ ക്രിസ്തുവിന്റെ പ്രലോഭനതട്ടകത്തെ രെഖപ്പെടുത്തുന്നതെന്നോർക്കണം.

പരീക്ഷണം എന്നതിനെക്കാൾ പരീക്ഷയെന്ന വാക്കായിരിക്കാം ക്രിസ്തുവിന്റെ മരുഭൂമി അനുഭവത്തിന് യോജിക്കുക. അതിന്റെ എത്തിമോളജി പോലുമതാണ്. Peirazeim എന്ന് ഗ്രീക്ക് പദത്തിന് പരീക്ഷിക്കുക എന്നതിനെക്കാൾ പരിശോധിക്കുകയെന്നതാണർത്ഥം. ഉൽപത്തി 22-1 ലെ ഒരു പരാമർശം ശ്രവിക്കുക. വീണ്ടുമൊരിക്കൽ ദൈവം അബ്രാഹാമിനെ പരീക്ഷിച്ചു. ഉരച്ചുനോക്കുകയാണ് അവന്റെ വിശ്വാസത്തെ, നിന്റെ കുഞ്ഞിനെക്കാളുപരിയായി നീയെന്നെ സ്നേഹിക്കുന്നണ്ടോയെന്നറിയാൻ.

വിശ്വപ്രകൃതിയെന്ന് തട്ടാൻ നിങ്ങൾ തനി തങ്കമാണോ, കൊല്ലം സുപ്രീമാണോയന്ന് ഉരച്ചു നോക്കുന്ന കല്ലാണ് ഓരോ പ്രലോഭനവും. ഓരോരുത്തർക്കും അവരവരുടെ ലോഹത്തെ തെളിയിക്കേണ്ട ബാദ്ധ്യത വരുന്നു. ഓരോ മനുഷ്യരും ഓരോ തരം ലോഹം കൊണ്ടാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്ന മട്ടിൽ ഒരു ബുദ്ധിപാഠമുണ്ട്.

അമൂല്യലോഹങ്ങൾ കൊണ്ട് നിർമ്മിക്കപ്പെട്ട പല മനുഷ്യരുടെയും പാദങ്ങൾ കളിമണ്ണിലാണ് തീർത്തതെന്ന മട്ടിൽ നടുക്കുന്ന ഒരു ദർശനം ഡാനിയേൽ കാണുന്നുണ്ട്. ഒരു പ്രതിമ. ശിരസ്സ് തങ്കം കൊണ്ട്, മാറും കരങ്ങളും വെള്ളികൊണ്ട്, വയറും തുടകളും താമ്രംകൊണ്ട്, കാലുകൾ ഇരുമ്പ്, എന്നാൽ പാദങ്ങൾ ഇരുമ്പും കളിമണ്ണും ചേർന്നത്. അതിലാണ് ഒരു കല്ലു വീണത്. നിമിഷാർദ്ധത്തിൽ വിഗ്രഹം ഛിന്നഭിന്നമായി ഡാനിയേൽ 2-31 പ്രലോഭനത്തിന്റെ കല്ല് വന്ന് വീഴുന്നത് നിങ്ങളുടെ മനസ്സിന്റെ ദുർബലമായ ഇടത്തിലാണ്. Clayfeet എന്നൊരു പുസ്തകത്തിനു തലക്കെട്ടിട്ടത് ഈ ദർശനത്തിൽ നിന്നാവണം. സ്വന്തം മൺപാദങ്ങളെ തിരിച്ചറിയാൻ നിങ്ങൾക്ക് ലഭിക്കുന്ന ഊഴമാണ് പ്രലോഭനം. ഗ്രീക്ക് പുരാണങ്ങളിലെ അകിലാസിന്റെ ഉപ്പൂറ്റിയെന്ന സങ്കല്പം ഇതിനോട് കൂട്ടിവായിക്കണം. ചിലയിടങ്ങളിൽ തൊട്ടാൽ നിങ്ങൾ മരിച്ചുപോകും. ദുർബലമായ ഇടത്തിൽ മാത്രമല്ല ദുർബലമായ നേരത്തിലുമാണ് പരീക്ഷകരുടെ സന്ദർശനം. നാൽപ്പതു ദിവസത്തെ വിശപ്പിനൊടുവിലാണ് അപ്പമെന്ന പ്രലോഭനം. അത്രയും വിശപ്പുള്ളതുകൊണ്ട് കല്ലുപോലും ചിലപ്പോൾ അപ്പമായി അനുഭവപ്പെട്ടു. ദീർഘമായ ദാമ്പത്യജീവിതത്തിനിടയിൽ സ്നേഹത്തിന്റെയും പരിഗണനയുടെയും ഏറ്റവും ചെറിയ ഉറപ്പുപോലും കിട്ടാതെ ജീവിക്കേണ്ടിവരുന്ന ഒരു സാത്വികയും നിർമ്മലയുമായ ഒരു വീട്ടമ്മയെ എടുക്കുക. അത്രയും പട്ടിണി കിടന്നതുകൊണ്ട് സ്നേഹത്തിന്റെ കാക്കപ്പൊന്നു കാട്ടിപ്പോലും അവളെ ആരോ പരീക്ഷിക്കുന്നു. കൃത്രിമമായ പരിഗണന കാട്ടുന്നവരിലേക്കു പോലും.


അവനോടുഒക്കാൻ ഇവിടെ ആരുമില്ല എന്ന പതിവു വർത്തമാനം പറഞ്ഞ് കാണെക്കാണെ ഇല്ലാതാകുന്നവൾ. അതിനിടയിൽ അവൾ ആരോ ആണെന്ന് ഉറപ്പുകൊടുക്കുന്ന ഫോൺബെൽ. അവളെങ്ങനെ പാളാതിരിക്കും?

പ്രലോഭനങ്ങളൊക്കെ മനുഷ്യന്റെ വിശപ്പുമായി ബന്ധപ്പെട്ടതാണ്. വിശപ്പ് ഒരു ജൈവികയാഥാർത്ഥ്യമാണ്. പല അടരുകളിലായാണതിന്റെ ഭ്രാന്തൻ വായ് തുറന്നു വരുന്നത്. ചോദ്യമിതാണ്, വിശപ്പ് അപ്പമർഹിക്കുന്നില്ലേ? ഇല്ല, എല്ലാ വിശപ്പുകളും അപ്പം അർഹിക്കുന്നില്ല.

വിശപ്പുമായി ബന്ധപ്പെട്ട് ഒരു ക്ലാസിക്ക് ടെക്സ്റ്റ് ഉൽപത്തി ഇരുപത്തിയഞ്ചാമദ്ധ്യായത്തിൽ വായിക്കുക. വയലിൽ നിന്നു വന്ന ഏശ്ശാവ് യാക്കോബുണ്ടാക്കിയ പായസത്തിൽ ഒരു പങ്ക് ചോദിക്കുന്നു. യാക്കോബ് പറഞ്ഞു തരാം, പകരം നിന്റെ ജന്മാവകാശം തരിക. വിശന്നു ചാകുന്നവന് എന്ത് കടിഞ്ഞൂലവകാശം? നീയത് എടുത്തുകൊള്ളുക. ചെറിയ ചെറിയ പ്രിയങ്ങൾക്കു വേണ്ടി തങ്ങളുടെ ശ്രേഷ്ഠതകൾ വിൽക്കുന്നവരുടെ പ്രതീകമായി അന്നുമുതൽ അയാൾ. എബ്രായ പാരമ്പര്യത്തിൽ കടിഞ്ഞൂൽ പുത്രന്റെ അവകാശങ്ങളെയും ശ്രേഷ്ഠതയെയും കുറിച്ച് വായിച്ചറിയുമ്പോഴാണ് ആ കൈമാറ്റത്തിന്റെ ഗുരുത്വം നമുക്ക് മനസ്സിലാവുക., അപ്പന്റെ പ്രത്യേക ആശീർവാദം, ഇളയവരെക്കാൾ ഇരട്ടി ഓഹരി, സഹോദരരുടെയിടയിലെ പ്രമുഖ ഇടം തുടങ്ങി കുറെയധികം കാര്യങ്ങൾ അതിനോട് ചേർത്തുവച്ചിട്ടുണ്ട്. എന്നിട്ടും അതൊക്കെ മറന്നു അയാൾ. ഉറ്റവരാണ് പ്രലോഭനങ്ങൾ വച്ചുനീട്ടുന്നതെന്ന സൂചനയുണ്ട് ഈ പാഠഭാഗത്തിൽ. ലാഘവജീവിതത്തിന്റെ പായസക്കോപ്പ നീട്ടിയാണവർ അത് സാധിക്കുന്നത്. സഹോദരൻ, സഹോദരനെതിരാവുമെന്ന് ക്രിസ്തു പറയുന്നത് ഇത്തരം പശ്ചാത്തലത്തിലാവണം. ഉറ്റവർ വെച്ച് നീട്ടുന്ന പ്രലോഭനത്തിന്റെ സ്വരം തിരിച്ചറിഞ്ഞതു കൊണ്ടാവണം ക്രിസ്തുവൊരിക്കൽ പത്രോസിനെ സാത്താനെന്ന് വിളിച്ചത്. താൻ ചവിട്ടേണ്ട ദുർഘടമായ വഴികളെക്കുറിച്ച് അവൻ പറയുമ്പോളായിരുന്നു അത്. പത്രോസ് അവനെ വിലക്കി, നിനക്കിതു സംഭവിച്ചുകൂടാ. സാത്താനേ പിന്നിലേക്ക് പോവൂവെന്ന് പറഞ്ഞാണ് ക്രിസ്തു അയാളെ നേരിട്ടത്! ദൈവമേ, ഞങ്ങളുടെ ശത്രുക്കളിൽ നിന്നല്ല മിത്രങ്ങളിൽ നിന്ന് ഞങ്ങളെ രക്ഷിക്കണേ എന്ന് സച്ചിദാനന്ദന്റെ ഒരു പ്രാർത്ഥനയുണ്ട്.

ക്രിസ്തുവിന്റെ കാര്യത്തിൽ കല്ലിനെ അപ്പമാക്കുന്നിടത്തോളം കാര്യങ്ങൾ താഴുന്നുവെന്നാണ് ആ പ്രലോഭനത്തിന്റെ ഹീനത. വിശപ്പ് അത്രയും കഠിനമാകുമ്പോൾ നീതിപൂർവ്വമായ കാര്യങ്ങൾ കൊണ്ടു മാത്രമല്ല. എന്തുകൊണ്ടും അതിനെ നേരിടുകയെന്നമട്ടിൽ മനസ്സ് പാളിയേക്കും. ഒരുദാഹരണത്തിന്, സെക്സ് ഒരു വിശപ്പാണ്. ദാമ്പത്യ ജീവിതമാണ്

സൈറ്റ് സെർച്ച് ചെയ്യുന്ന ഒരാളോ, തന്നിൽത്തന്നെ ചില ആഹാരങ്ങൾ തിരയുന്ന മറ്റൊരാളോ എന്താണ് ചെയ്യുന്നത്? കല്ലുകളെ അപ്പമാക്കുകയല്ലേ?



# നമ്മിൽ ചൂടടയാളം ഉണ്ടോ?

വി.റ്റി. മത്തായി

പരിഛേദക്കാരെ നോക്കിക്കൊണ്ട്; നിങ്ങളുടെ ശരീരത്തിൽ നിങ്ങൾ അറിയാതെതന്നെ എട്ടാം ദിവസത്തിൽ ഏറ്റ പരിഛേദനയിലും അതിന്റെ അടയാളത്തിലും നിങ്ങൾ പ്രശംസിക്കുകയാണ്. അങ്ങനെയെങ്കിൽ, അനുഭവത്തിലും അർത്ഥത്തിലും അതിനെക്കാൾ വളരെയേറെ മടങ്ങ് പാടുകൾ എന്റെ ശരീരത്തിൽ വഹിക്കുന്ന ഞാൻ എത്രയധികം പ്രശംസിക്കുവാൻ അവകാശപ്പെട്ടവനാണ്. നിങ്ങൾക്കു എട്ടാം നാളിലെ ലഘുവായ വേദനയുടെ ഒരു പാടു മാത്രമുള്ളപ്പോൾ ഞാൻ അനുഭവിച്ച നിരവധി പീഠനങ്ങളുടെ അനവധി പാടുകൾ ഉള്ളവനാണ്. എന്റെ രക്ഷിതാവും, കർത്താവും, യജമാനനുമായവൻ നിമിത്തം ഈ "ചൂടടയാളങ്ങൾ" എന്റെ ശരീരത്തിൽ വഹിക്കുന്നവനാണ്.

ഗലാത്യർ 6:17 ൽ 'ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു' എന്ന് പൗലോസ്. "ചൂടടയാളം" എന്ന ഈ പ്രയോഗത്തിന്റെ ആശയം എന്തായിരിക്കും? അടയാളം എന്നർത്ഥം വരുന്ന "Mark" എന്ന വാക്കാണ് ഇംഗ്ളീഷിൽ A.V തർജ്ജമയിൽ കാണുന്നത്. എന്നാൽ ജെ.എൻ. ഡാർബിയുടെ ഇംഗ്ളീഷ് തർജ്ജമ Brands എന്നാണ്. ഇപ്രകാരം തർജ്ജമ ചെയ്തിരിക്കുന്ന ഗ്രീക്കുവാക്കിന്റെ അർത്ഥവും ആശയവും കേവലം അടയാളം എന്നു മാത്രമല്ല; "ചൂടടയാളം" എന്നു മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്നതും Brands എന്നു ജെ. എൻ. ഡാർബി ഇംഗ്ളീഷിൽ തർജ്ജമ ചെയ്തിരിക്കുന്നതുമാണ് ശരി. മാത്രമല്ല, 'ചൂടടയാളങ്ങൾ' എന്നു തർജ്ജിമ ചെയ്യത്തക്കവണ്ണം ബഹുവചനപ്രയോഗമാണ് ഗ്രീക്കിലുള്ളത്.

കാളകൾക്കും മറ്റും 'ചൂടുകാച്ചുന്ന' സമ്പ്രദായം പരിചിതമാണല്ലോ. ഇരുമ്പ് പഴുപ്പിച്ചു തൊലിപൊള്ളിച്ച വണ്ടിക്കാളകൾ വിരളമല്ല. ഈ നിലയിൽ തൊലി പൊള്ളിക്കുന്നതിനെയാണ് മാർക്ക് എന്ന ഇംഗ്ലീഷ്പദം കൊണ്ടുദ്ദേശിക്കുന്നത്. തന്റെ ശരീരത്തിൽ മായാത്ത വ്യക്തമായ അടയാളങ്ങൾ ഉണ്ടെന്നാണ് പൗലോസ് അവകാശപ്പെടുന്നത്. ഇവ ജന്മനായുള്ള അടയാളങ്ങളൊന്നുമല്ല; പ്രത്യുത, യജമാനനെ സേവിക്കുന്നതിനായി നുകം കഴുത്തിൽ ഏറ്റിയതിനോടുള്ള ബന്ധത്തിൽ ആവശ്യമായി വന്നതും, യജമാനൻ അനുവദിച്ചതുമായ "ചൂടടയാളങ്ങൾ" ആണ് അവ.

ക്രിസ്തുവിശ്വാസികൾ ക്രിസ്തുവിലുള്ള വിശ്വാസം കൊണ്ട് മാത്രം രക്ഷ പ്രാപിക്കയില്ലെന്നും ന്യായപ്രമാണവും ആവശ്യമാണെന്ന് പഠിപ്പിച്ചുപോന്ന യഹൂദ മതാനുസരണക്കാരായ ദുരുപദേഷ്ടാക്കന്മാർ 'പരിഛേദന' എന്നകർമ്മം ഉയർത്തിപ്പിടിച്ചുകൊണ്ട് കൊരിന്തിലും വിശേഷാൽ ഗലാത്യയിലും ചെന്നെത്തി. പൗലോസ് മുഖാന്തരം രക്ഷിക്കപ്പെട്ടവരെ ഈ ദുരുപദേഷ്ടാക്കന്മാർ ഈ ദുരുപദേശവലയിൽ അകപ്പെടുത്തി. പരിഛേദനയ്ക്കായുള്ള കത്തിപ്രയോഗം ഏറ്റ് അതിന്റെ പാട് (വടു) അവരുടെ ശരീരത്തിൽ ഉണ്ടെന്നുള്ളതാണ് ഇവരുടെ പ്രശംസാവിഷയം!

ഈ ദുരുപദേഷ്ടാക്കന്മാരേയും അവരുടെ ദുരുപദേശത്തേയും ശക്തിയുക്തം വിമർശിച്ചും, കർത്താവിന്റെ ക്രൂശുമരണത്തെ തുടർന്നുള്ള കൃപായുഗത്തിൽ ശാരീരിക പരിഛേദനയ്ക്കു യാതൊരു അർത്ഥവും സ്ഥാനവുമില്ലെന്ന് സമർത്ഥിച്ചും പൗലോസ് എഴുതിയതാണ് ഗലാത്യലേഖനം. പരിഛേദനയുടെ പൊള്ളത്തരം വ്യക്തമാക്കി, വല്ലവിധേനയും ഗലാത്യ വിശ്വാസികളെ വിടുവിച്ച് ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിന് വിധേയരാക്കുക എന്നുള്ളതാണ് പൗലോസിന്റെ ലക്ഷ്യം.

അങ്ങനെ കൃപയുടെയും ക്രൂശുമരണത്തിന്റെയും മഹിമയെ വിശദീകരിച്ച് ലേഖനം

➡6



# മരണാനന്തരം ജീവിതമുണ്ടോ?



ജോസ് മാത്യുസ് കണ്ണംപ്ലാൽ

സനാതനനായ ദൈവം പൂർവ്വപിതാവായിരുന്ന ഇയ്യോബിനോട് ചോദിച്ച ചോദ്യം ഇപ്രകാരമായിരുന്നു. 'മരണത്തിന്റെ വാതിലുകൾ നിനക്കു വെളിപ്പെട്ടിട്ടുണ്ടോ?' പാപത്താൽ കടന്നുകൂടിയ മരണം ജീവിതത്തിന്റെ തെറ്റിക്കൂടാത്ത പരിണാമമാണ്. മനുഷ്യൻ മൃത്യുവിന് അധീനനാണ് എങ്കിലും അതിനെ ജയിക്കുവാനുള്ള നിരന്തര യജ്ഞമാണ് മനുഷ്യൻ നടത്തിക്കൊണ്ടിരിക്കുന്നത്. മരണം ഒരു യാഥാർത്ഥ്യമാണ്. മരണം മനുഷ്യന്റെ ഒടുവിലത്തെ ശത്രുവാണ് (1 കൊരിന്ത്യർ 15:26).

മരണം ഒരിക്കലും മടങ്ങിവരാത്ത യാത്രയാണ്. മരണം അമർതൃതയിലേക്കുള്ള ഒരു തീർത്ഥയാത്ര മാത്രമാണ്. മനുഷ്യന്റെ വ്യക്തിത്വം അമർത്യമാണ്. ആത്മാവ് അവിനാശിയാണ്. അത് ഒരിക്കലും നശിക്കുകയില്ല. മനുഷ്യൻ മരിക്കുമ്പോൾ അവന്റെ ഭൗതീകജീവനും ജീവിതവും മാത്രമാണ് അവസാനിക്കുന്നത്.

ആത്മാവിനേക്കാൾ വലിയതൊന്നുണ്ട്. അത് അവ്യക്തമാണ്. എന്നാൽ അന്ന് മഹത്വപൂർണ്ണനായ മനുഷ്യനോടൊപ്പം ഞങ്ങൾ അവരെ മഹത്വത്തിൽ കാണും. അവ്യക്തമായതൊക്കെയും അന്നു വ്യക്തമാകും.

എല്ലാ മനുഷ്യരും മരണത്തിന്റെ മുമ്പിൽ നമ്രശിരസ്കരായി നിൽക്കുന്നു. മരണം സ്വേഛാധിപതിയും ഗർവ്വിയുമായ ഒരു ഏകാധിപതി ആണ്. മരണം ഒരു ഘോരരാജാവാണ് (ഇയ്യോബ് 18:14). മരണം ഇരുളും അന്ധതമസ്സും ഉള്ള ദേശമാണ്. മനുഷ്യൻ മടങ്ങി വരാതവണ്ണം പോകുന്ന ദേശം. മരണത്തോട് എതിർത്തു നിൽക്കുവാൻ ആർക്കു കഴിയും? ലോകത്തിലെ ഏത് ബലിഷ്ടഹസ്തവും മരണത്തിന്റെ മുമ്പിൽ തളർന്നു വീഴുന്നു. ഏതു ഉരുക്കുമുഷ്ടിയും അവിടെ തകർന്നു പൊടിയുന്നു. ഗർവ്വും ധാർഷ്യവും കോപവും ക്രോധവും എല്ലാം മരണത്തിന്റെ മുമ്പിൽ കെട്ടടങ്ങുന്നു. മരണത്തെ നേരിൽ കാണുമ്പോൾ മനുഷ്യനു എന്തുചെയ്യാൻ കഴിയും? ഈ നീർക്കുമിളപോലുള്ള ജീവിതത്തിൽ നമുക്ക് അടിസ്ഥാനപരമായി എന്തുണ്ട്? നമ്മുടെ സ്വന്തം എന്നവകശാപ്പെടുവാൻ എന്തുണ്ട്? മരണം വരുമ്പോൾ നമ്മൾ എങ്ങനെ പെരുമാറും?

> എല്ലാ മനുഷ്യരും മരണത്തിന്റെ മുമ്പിൽ നമ്രശിരസ്കരായി നിൽക്കുന്നു. മരണം സ്വേഛാധിപതിയും ഗർവ്വിയുമായ ഒരു ഏകാധിപതി ആണ്. മരണം ഒരു ഘോരരാജാവാണ് (ഇയ്യോബ് 18:14). മരണം ഇരുളും അന്ധതമസ്സും ഉള്ള ദേശമാണ്. മനുഷ്യൻ മടങ്ങി വരാതവണ്ണം പോകുന്ന ദേശം. മരണത്തോട് എതിർത്തു നിൽക്കുവാൻ ആർക്കു കഴിയും? ലോകത്തിലെ ഏത് ബലിഷ്ടഹസ്തവും മരണത്തിന്റെ മുമ്പിൽ തളർന്നു വീഴുന്നു. ഏതു ഉരുക്കുമുഷ്ടിയും അവിടെ തകർന്നു പൊടിയുന്നു. ഗർവ്വും ധാർഷ്യവും കോപവും ക്രോധവും എല്ലാം മരണത്തിന്റെ മുമ്പിൽ കെട്ടടങ്ങുന്നു. മരണത്തെ നേരിൽ കാണുമ്പോൾ മനുഷ്യനു എന്തുചെയ്യാൻ കഴിയും? ഈ നീർക്കുമിളപോലുള്ള ജീവിതത്തിൽ നമുക്ക് അടിസ്ഥാനപരമായി എന്തുണ്ട്? നമ്മുടെ സ്വന്തം എന്നവകശാപ്പെടുവാൻ എന്തുണ്ട്? മരണം വരുമ്പോൾ നമ്മൾ എങ്ങനെ പെരുമാറും?




**മരണത്തിനപ്പുറം എന്താണുള്ളത്?**

ജനനം, മരണം, പുനരപിജനനം എന്നിങ്ങനെ അനന്തമായി ഉത്തരം കിട്ടാതെയിരിക്കുന്ന ഒരു അവസ്ഥയാണോ ജീവിതം? ഈ മരണനദിക്ക് അപ്പുറം എന്താണ്? ആ തീരത്തെക്കുറിച്ച് ആര് വിവരിക്കും? ആ ദേശത്തെ സംബന്ധിക്കുന്ന വ്യക്തമായ വെളിപ്പാട് എവിടെ ലഭിക്കും? മരണത്തിന്റെ മറനീക്കിക്കാണുവാനുള്ള മനുഷ്യന്റെ വ്യഗ്രതയും വാഞ്ചയും മുൻപെന്നത്തെക്കാളും ഈ അത്യാധുനികയുഗത്തിൽ വർദ്ധിച്ചിരിക്കുകയാണ്. പല ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുന്ന ഈ ശാസ്ത്രയുഗത്തിൽ എന്തേ മനുഷ്യന് ഇതിന് ഉത്തരം ലഭിക്കാത്തത്? ഈ ചോദ്യങ്ങളുടെ മുൻപിൽ മനുഷ്യൻ അസ്വസ്ഥനായിരിക്കുന്നു. അവൻ പതറുന്നു. പകച്ചു നിൽക്കുന്നു, തളർന്നു വീഴുന്നു. മനുഷ്യ മസ്തിഷ്ക്കത്തിന് എത്തിപ്പിടിക്കുവാൻ കഴിയാത്ത ഒരു ഭാവി മനുഷ്യന് ഉണ്ടെന്നുള്ളത് അവിതർക്കിതമായ സത്യമാണ്.

മരണാനന്തരപ്രതീക്ഷയും മറുലോകവിശ്വാസവും മാനവ രാശിയിൽ അതിശക്തമായി വ്യാപരിച്ചുകൊണ്ടിരിക്കുന്നു. കുടിൽ തൊട്ടു കൊട്ടാരംവരെ പടർന്നു കിടക്കുന്ന ഒരു വിഷവള്ളിയാണ് മരണം. മനുഷ്യൻ ആശ്രയിച്ച കൂടാരത്തിൽനിന്ന് അവന്റെ ആത്മാവ് വേർപിരിയും. സ്വന്തശരീരവും വാസസ്ഥലവുമാണ് അവൻ ആശ്രയിച്ച കൂടാരം. ഘോരരാജാവിന്റെ അടുക്കലേക്ക് കൊണ്ടുപോകുന്ന അവസ്ഥയാണ് മരണം. ഒന്നുമില്ലാതാകുന്ന അവസ്ഥ. "ഈ നശ്വര ലോകത്തിന്റെ ധാടിമോടികളിൽ സീമാതീതമായ ആത്മ വിശ്വാസം അർപ്പിക്കുന്നതിന്റെ ഭോഷത്തമാണ് ടൈറ്റാനിക്ക് കപ്പൽ.പ്രപഞ്ചത്തിൽ ഒന്നിനും അഭേദ്യസ്ഥിതിയില്ല. അടുത്ത നിമിഷത്തിൽ ഏതൊരു വ്യക്തിയും മരണത്തെ അഭിമുഖീകരിക്കേണ്ടി

➡6

# രക്ഷ നഷ്ടപ്പെടുമെന്നോ?



പി.എ.ഏബ്രഹാം, മാലം

> ആത്മാവ് കർത്താവായ യേശുവിന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടതിന് ജഡസംഹാരത്തിനായി സാത്താനെ ഏല്പിക്കേണം എന് വിധിച്ചിരിക്കുന്നു 1 കൊരി.5:5. രക്ഷിക്കപ്പെട്ടവനെങ്കിലും ദുർനടപ്പുകാരനായി ഏറ്റം ദുഷ്ടനായി ജീവിച്ച ഒരുവനെക്കുറിച്ച് പറവാനുള്ളത് അവന്റെ ആത്മാവ് കർത്താവിന്റെ നാളിൽ രക്ഷിക്കപ്പെടേണം. എന്നാൽ ചെയ്ത ദുഷ്കർമ്മത്തിന് ജഡത്തിൽ ശിക്ഷ വിധിക്കുകയാണ്. ഒരു വിശ്വാസി വഴി തെറ്റിയാൽ എന്ത് സംഭവിക്കുമെന്നുള്ളതിന്റെ പ്രത്യക്ഷമായ വിധിയാണിത്.

യേശുക്രിസ്തുവിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിച്ച ഒരാളുടെ രക്ഷ യാതൊരു കാരണവശാലും നഷ്ടപ്പെടുന്നതല്ല എന്ന് ദൈവവചനം പ്രസ്താവിക്കുന്നു. മനുഷ്യന്റെ ബുദ്ധിയിലാണോ അതോ ദൈവവചനത്തിലാണോ നാം ആശ്രയിക്കേണ്ടത്? രക്ഷയെക്കുറിച്ചും അതിന്റെ ഭദ്രതയെപ്പറ്റിയും ദൈവവചനത്തിൽ പറഞ്ഞിരിക്കുന്നത്.

1. പിതാവ് എനിക്ക് തരുന്നതൊക്കെയും എന്റെ അടുക്കൽ വരും. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു നാളും അഥവാ ഒരുപ്രകാരത്തിലും തള്ളിക്കളകയില്ല യോഹ.6:37. കർത്താവിന്റെ അടുക്കൽ വരുന്നവൻ പിതാവിനാൽ നൽകപ്പെട്ടവനാണെന്നും അങ്ങനെ വരുന്നവരെ ഒരു പ്രകാരത്തിലും താൻ തള്ളിക്കളയുകയില്ലെന്നും കർത്താവ് വ്യക്തമായി പറയുന്നു.
2. പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. യോഹ.3:36. വിശ്വസിക്കുന്നവർക്കു ലഭിക്കുന്ന ജീവൻ നിത്യജീവനാണ് (Eternal life). ഇടയ്ക്ക് വെച്ച് മുറിഞ്ഞു പോകുന്നതാണെങ്കിൽ നിത്യജീവൻ എന്നു പറയുകയില്ലല്ലോ!
3. ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽനിന്ന് ജീവങ്കലേയ്ക്ക് കടന്നിരിക്കുന്നു യോഹ 5:24. വിശ്വസിക്കുന്നവൻ ന്യായവിധിയിൽ ആകുകയില്ലെന്നും മരണത്തിൽനിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നുവെന്നും കർത്താവ്, സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. നഷ്ടവാദികൾ കർത്താവിനെ അസത്യവാദിയാക്കുകയാണ് ചെയ്യുന്നത്.
4. അവൻ എനിക്ക് തന്നതിൽ ഒന്നും ഞാൻ കളയാതെ എല്ലാം ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കണമെന്നാകുന്നു എന്നെ അയച്ചവന്റെ ഇഷ്ടം. പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു പിതാവിന്റെ ഇഷ്ടം. ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും. (യോഹ.6:39-40). കർത്താവ് ഒന്നും കളയാതെ ഉയിർത്തെഴുന്നേല്പിക്കണം എന്നുള്ള പിതാവിന്റെ ഇഷ്ടം നിറവേറ്റുമോ അതോ നഷ്ടവാദികളുടെ ഇഷ്ടം

➡6

# →3 ഇണയല്ലാപ്പിണ

ശങ്കിക്കുന്നില്ല. അങ്ങനെ ചേർന്നതിന്റെ ദുരന്തങ്ങൾ അനുഭവിച്ചവരുണ്ട്. സാമൂഹ്യപ്രവർത്തനങ്ങളിലും ഇത്തരം സഹവർത്തിത്വം പുലർത്തുന്നു. ദൈവത്തിന്റെ മക്കളും അല്ലാത്തവരും തമ്മിൽ എങ്ങനെ ഒന്നിച്ചു പ്രവർത്തിക്കും. അങ്ങനെയുള്ള രംഗങ്ങളിൽ ദൈവദാസന്മാർക്കു തങ്ങളുടെ നിലപാട് വ്യക്തമാക്കുവാൻ കഴിയുമോ? യേശുക്രിസ്തുവിൽ കൂടി മാത്രമേ രക്ഷയുള്ളു എന്നു പറഞ്ഞാൽ കൂട്ടുകാർക്ക് വിഷമം തോന്നും എന്നു ഭയപ്പെടാൻ ഇടവരികയില്ലെ?

മതപരമായ കാര്യങ്ങളിൽ ഇണയല്ലാപ്പിണ കൂടാൻ ഇടയാകുന്നതാണ് മുൻപറഞ്ഞ എല്ലാറ്റിലും വലിയ ഗതികേട്. ഒരേപ്രസംഗവേദിയിൽ വ്യത്യസ്ത ഉപദേശം വെച്ചു പുലർത്തുന്നവർ കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെടുന്നു എന്ന ഉപദേശമുള്ളവനും പ്രവൃത്തിയാലും രക്ഷിക്കപ്പെടുന്നുഎന്ന ഉപദേശമുള്ളവനും പ്രത്യക്ഷപ്പെടുന്നു. ശിശുസ്നാനക്കാരനും വിശ്വാസസ്നാനക്കാരനും ഒരേ പ്ളാറ്റ് ഫോറത്തിൽ പ്രസംഗിക്കാൻഇരിപ്പുറപ്പിക്കുന്നു. യൂണിയൻ (ഐക്യം) നിലനിറുത്തണമല്ലോ. ആർക്കുമാർക്കും ഒരു പ്രയോജനവും ഉണ്ടായില്ലെന്നും വരാം. വേർപാടുകാരൻ തന്റെ ഉപദേശം ശക്തിമത്തായി സ്ഥാപിച്ചു പ്രസംഗിച്ചാൽ പലർക്കും രസിക്കയില്ല. ഉപദേശങ്ങൾ എന്തിനുപറയുന്നു. രക്ഷയുടെ ദൂതു നൽകിയാൽ പോരേ എന്നാണ് ചിലരുടെ നിലപാട്. ഷണ്ഡനോട് ഫിലിപ്പോസ് രക്ഷയുടെ ദൂതു മാത്രമാണ് അറിയിച്ചിരുന്നതെങ്കിൽ സ്നാനപ്പെടണമെന്ന് ഷണ്ഡൻ പറകയില്ലായിരുന്നു. വിശ്വാസസ്നാനത്തെക്കുറിച്ച് ഐക്യകൺവൻഷനിൽ വേർപാടുകാരൻ പ്രസംഗിക്കാറുണ്ടോ? അങ്ങനെ സധൈര്യം പ്രസംഗിച്ച് ഐക്യം നിലനിറുത്താമോ?

യഹൂദരാജാവായ യഹോശഫാത്ത് തന്റെ ദൈവത്തെ ഭയപ്പെട്ടിരുന്ന ഒരു നല്ല മനുഷ്യനായിരുന്നു. അവൻ യിസ്രായേലിലെ ദുഷ്ച്ച രാജാവായിരുന്ന ആഹാബുമായി ഇണയില്ലാപ്പിണ ചേരുക എന്ന കെണിയിൽ വീണുപോയി. യഹോശാഫാത്തിന് പണവും മാനവും വർദ്ധിച്ചപ്പോഴാണ് അവർ ആഹാബിനോടേ സംബന്ധം കൂടിയത്. ചില സംവത്സരങ്ങൾക്കു ശേഷം യഹോശാഫാത്ത് ശമര്യയിലേയ്ക്ക് പരിവാരസമേതം ഒരു പര്യടനം നടത്തി. ആഹാബ് ഒരു വൻപിച്ച വിരുന്ന് നടത്തി. ഗിലയാദിലെ രാമോത്തിലേയ്ക്ക് തന്നോടു കൂടെ യുദ്ധത്തിനു പുറപ്പെടേണ്ടതിനു അവനെ വശീകരിച്ചു. ഗിലയാദ് പിടിക്കേണ്ടത് ഒരാവശ്യമാണല്ലോ എന്ന കാരണത്താൽ അവൻ മറ്റൊന്നും ചിന്തിക്കാതെ സമ്മതിച്ചു. ആഹാബിന്റെ ചോദ്യത്തിന് യഹോശാഫാത്ത് നൽകിയ മറുപടി "ഞാനും നീയും എന്റെ ജനവും നിന്റെ ജനവും ഒരു പോലെയല്ലോ" എന്നാണ്. യൂണിയൻ സ്ഥാപിതമായി. അവിഹിതമായ കൂട്ടുകെട്ടു വരുമ്പോൾ ഇതും ഇതിലധികവും സമ്മതിക്കും. ദൈവം യഹോശാഫാത്തിനോട് കരുണ കാണിച്ചില്ലായിരുന്നുവെങ്കിൽ അവൻ ആ യുദ്ധത്തിൽ നിന്നും മടങ്ങി വരില്ലായിരുന്നു (2 ദിന. 18).

# →5 മരണാനന്തര ജീവിതം

വന്നേക്കാം. ഓരോ ദിവസവും തള്ളിനീക്കുമ്പോഴും മരണം ഓരോപടി അടുത്തുവരികയാണ് " 'മൃത്യു ദേവതേ നിന്റെ സ്വഭാവം ശൂന്യവും ഭയങ്കരവുമാണോ? എന്നാൽ പ്രപഞ്ചം ഒരു നിമിഷംകൊണ്ടു മായാപ്രയോഗത്തിൽ തീരോഭൂതമാകുമെന്നു ഞങ്ങൾ അനുമാനിക്കും. പക്ഷെ നീ ശാശ്വതമായ പരിപൂർണ്ണതയാകുന്നു. ലോകം ഒരു ശിശുവിനെപ്പോലെ നിന്റെ ഭുജങ്ങളിൽ എന്നന്നേക്കുമായി വിശ്രമിക്കുന്നു.' എന്നാണ് മരണത്തെ സംബന്ധിച്ചു പറഞ്ഞിരിക്കുന്നത്. അദ്വിതീയ മിസ്റ്റിക് കവിയായ ടാഗോർ സ്മരൺ എന്ന വിലാപകാവ്യം വഴി തന്റെ കദനഭാരത്തെ വെളിവാക്കിയിട്ടുണ്ട്.' 'ഗാർഡിറ്റിലും' 'ഗീതാഞ്ജലി'യിലും ഉള്ള അനേകം പദ്യങ്ങളിൽ മരണത്തെപ്പറ്റിയുള്ള ചിന്തകൾ വീണ്ടും വീണ്ടും പൊന്തിവരുന്നതായി കാണാം. ഇതാ ഒരു ഉദാഹരണം 'അല്ലയോ മനോഹരമായ അന്ത്യമേ! ഒരു നിമിഷത്തെയ്ക്കു നിശ്ചലമായി നിൽക്കു! നിന്റെ യാത്രാമൊഴികൾ നിശബ്ദമായി ഉച്ചരിക്കൂ!ഞാനിതാ നിന്റെ മുമ്പിൽ നമസ്കരിക്കുന്നു. നിന്റെ മാർഗ്ഗത്തിൽ വെളിച്ചം വിതറാൻ ഞാനെന്റെ കൈവിളക്ക് ഉയർത്തിപിടിക്കട്ടെ' (ഗാർഡിനർ). ടാഗോർ എഴുതി മടക്കി കൊടുക്കുവാൻ കഴിയുമായിരുന്നു. ആ സമയം ഇനി വരികയില്ല. അവളുടെ രാത്രി ഇപ്പോൾ പ്രഭാതമായിരിക്കുന്നു". "നമ്മുടെ ജീവിതം ഒരു ഉറക്കവും മറവിയുമാണ്" വേർഡ്സ് വർത്ത്.

**മനുഷ്യൻ മരണശേഷവും ജീവിക്കുന്നു.**

ആത്മാവ് അനശ്വരമാണ് എന്ന് നാം ചിന്തിച്ചുവല്ലോ. ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട. ദേഹിയേയും ദേഹത്തെയും നരകത്തിൽ നശിപ്പിക്കാൻ കഴിയുന്നവനെത്തന്നെ ഭയപ്പെടുവിൽ. യേശുക്രിസ്തുതന്നെ, മനുഷ്യൻ ദേഹം, ദേഹി, ആത്മാവ് ഉള്ളവനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മരിക്കുവാൻ കഴിയുന്നത് അഥവാ കൊല്ലുവാൻ കഴിയുന്നത് ശരീരം മാത്രമാണെന്നും ദേഹിയും ആത്മാവും നശിക്കാതെ ജീവിക്കുന്നുവെന്നുമാണ് ആ വാക്യം തെളിയിക്കുന്നത്.

യേശുക്രിസ്തു മരിച്ച ലാസറിനെ ഉയിർപ്പിക്കുവാൻ ലാസറെ പുറത്തുവരിക എന്നാണ് വിളിച്ചത്. മൃതശരീരമെ പുറത്തുവരിക എന്ന് കൽപിച്ചില്ല. ലാസർ ആത്മാവിൽ ജീവിച്ചിരിക്കുന്നതു കൊണ്ടാണല്ലോ ലാസറേ എന്ന് ഉറക്കെ വിളിച്ചത്. ദാവീദ് രാജാവിന് ഊരിയാവിന്റെ ഭാര്യയിൽ ജനിച്ചകുട്ടി മരിച്ചപ്പോൾ ദാവീദ് ഇപ്രകാരം ആശ്വസിക്കുകയാണ്. 'ഇപ്പോഴോ അവൻ മരിച്ചുപോയി. അവനെ മടക്കി വരുത്തുവാൻ എനിക്കു കഴിയുമോ? ഞാൻ അവന്റെ അടുക്കലേക്ക് പോകയല്ലാതെ അവൻ എന്റെ അടുക്കലേക്ക് മടങ്ങി വരികയില്ലല്ലോ എന്നു പറഞ്ഞു (ശമുവേൽ 12:23).

മരണാനന്തരജീവിതത്തെസംബന്ധിച്ച് അനേകർക്കും കാര്യമായ ജ്ഞാനമില്ല. ചിലർക്ക് അത് ഒരു കടംകഥ പോലെയാണ്. മരണത്തോടുകൂടെ സകലവും തീർന്നു. പുല്ലുണങ്ങി പൂ വാടിക്കൊഴിയുന്നതുപോലെ, ഒരു മൃഗം ചത്തുമണ്ണോട്േ ചേരുന്നതുപോലെ മനുഷ്യനും മരിക്കുന്നു. കുഴിമാടത്തിനപ്പുറം ഒന്നുമില്ല എന്നവർ ധരിക്കുന്നു. മരണത്തിനപ്പുറമുള്ള ജീവിതത്തെക്കുറിച്ച് ആരായുവാൻ അവർ ശ്രമിക്കുന്നില്ല. മരണാനന്തരജീവിതം എന്നൊന്നില്ല എന്നാണവർ ധരിച്ചിരിക്കുന്നത്. മരണത്തിപ്പുറമുള്ള ജീവിതത്തെ സംബന്ധിച്ചു ഗവേഷണവും പഠനവും ഒരിക്കലും നിരാശാജനകമായിരിക്കുകയില്ല. എന്നാൽ മനുഷ്യർ മൃഗത്തിൽനിന്നുത്ഭവിച്ചവനാണ് എന്ന് ചിന്തിക്കുന്നവന് ഇതിൽകവിഞ്ഞെന്തു ചിന്തിപ്പാനുണ്ട്? അവനെ സംബന്ധിച്ചു കുഴിമാടം അവന്റെ അന്ത്യമാണ്.

ധനവാന്റെയും ലാസറിന്റേയും വിവരണം യേശുകർത്താവ് നൽകുമ്പോൾ മാനസാന്തരത്തിന്റെ ആവശ്യം പറയുന്നു. സുവിശേഷത്തിന്റെ വിശ്വാസം അതിനോട് ചേർത്ത ആത്മരക്ഷയും നിത്യജീവനും ഉറപ്പാകുന്നുള്ളു.

മത്തായി 10:28,11:24,12:41, ലൂക്കോസ് 23:43, യോഹന്നാൻ 11:25, 14:3,2 കൊരി.5:1, 10 റോമർ 2:5-11.

# →4 നമ്മിൽ ചൂടടയാളം ഉണ്ടോ?

പര്യവസാനിക്കുമ്പോഴാണ് പൗലോസ് തന്റെ "ചൂടടയാള"ങ്ങളെക്കുറിച്ച് പറയുവാൻ പ്രേരിതനായത്. കർത്താവിന്റെ ക്രൂശുമരണത്തിലും അനുബന്ധകഷ്ടാനുഭവങ്ങളിലും പൗലോസ് പ്രശംസിക്കുന്ന കാര്യമാണ് 6:14 ൽ കാണുന്നത്. കർത്താവിന്റെ ക്രൂശുമരണം മൂലം നേടിയെടുത്തിരിക്കുന്ന നേട്ടങ്ങൾ നിരവധിയും, ഈടുറ്റവയും, നിസ്തുല്യവുമാണ്. ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ മുമ്പിൽ പരിഛേദനക്കാരുടെ പരിഛേദനയ്ക്ക് 'താളടി'യുടെ വിലപോലും കാണുവാൻ പൗലോസിനു കഴിയുന്നില്ല. പഴയനിയമ ജനത്തിന് അവർക്ക് ദൈവത്തോടുള്ള ബന്ധത്തിന്റെ അടയാളമായി പരിഛേദന നൽകിയിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ക്രൂശോ, നിരാലംബനായിത്തീർന്ന പാപിയുടെ മതിയായ അവലംബവും പ്രശംസാവിഷയവുമാണെന്നാണ്. പൗലോസിൽ വെളിപ്പെട്ടു കിട്ടിയിരിക്കുന്നത്. ആകയാൽ പരിഛേദനയെ തുഛീകരിച്ച് ക്രൂശിനെ പ്രശംസിക്കുക എന്നതാണ് പൗലോസ് സാധിക്കുന്നത്.

ക്രൂശിനോട് ബന്ധപ്പെട്ട കഷ്ടാനുഭവങ്ങളുടെ അടയാളങ്ങളെയും, പരിഛേദനക്കാരുടെ വ്യർത്ഥമായ പ്രസംസയെയും താരതമ്യപ്പെടുത്തി വിലയിരുത്തിയ പൗലോസ് തന്റെ സ്വന്തശരീരത്തിലേയ്ക്കു നോക്കുകയാണ്, അതിലെ പാടുകൾ കാണുകയുമാണ്. കർത്തൃസേവനത്തിൽ താൻ അനുഭവിക്കേണ്ടിവന്ന അടികളുടെയും, കല്ലേറുകളുടെയും പാടുകളെയാണ് "ചൂടടയാള' ങ്ങൾ എന്നു പറഞ്ഞിരിക്കുന്നതെന്നേ വിചാരിക്കുവാൻ ന്യായം കാണുന്നുള്ളു. കൊരിന്ത്യരോട് പറയുമ്പോൾ 2-ാം ലേഖനം 11-ാമദ്ധ്യായത്തിൽ താൻ ക്രിസ്തു നിമിത്തം അനുഭവിക്കേണ്ടിവരുന്ന കഷ്ടാനുഭവങ്ങളുടെ ഒരു നീണ്ട പട്ടികതന്നെ കാണുന്നു. ഇവയെല്ലാം ഉൾക്കൊള്ളിച്ചും സംഗ്രഹിച്ചും ഗലാത്യലേഖനത്തിന്റെ ഒടുവിൽ ഒറ്റ വാക്കിൽ "ചൂടടയാളങ്ങൾ" എന്നു പറഞ്ഞിരിക്കയാണ്.

തന്റെ ന്യായവാദം ഏതാണ്ടിപ്രകാരമാണ്. പരിഛേദക്കാരെ നോക്കിക്കൊണ്ട്; നിങ്ങളുടെ ശരീരത്തിൽ നിങ്ങൾ അറിയാതെതന്നെ എട്ടാം ദിവസത്തിൽ ഏറ്റ പരിഛേദനയിലും അതിന്റെ അടയാളത്തിലും നിങ്ങൾ പ്രശംസിക്കുകയാണ്. അങ്ങനെയെങ്കിൽ, അനുഭവത്തിലും അർത്ഥത്തിലും അതിനെക്കാൾ വളരെയേറെ മടങ്ങ് പാടുകൾ എന്റെ ശരീരത്തിൽ വഹിക്കുന്ന ഞാൻ എത്രയധികം പ്രശംസിക്കുവാൻ അവകാശപ്പെട്ടവനാണ്. നിങ്ങൾക്കു എട്ടാം നാളിലെ ലഘുവായ വേദനയുടെ ഒരു പാടു മാത്രമുള്ളപ്പോൾ ഞാൻ അനുഭവിച്ച നിരവധി പീഠനങ്ങളുടെ അനവധി പാടുകൾ ഉള്ളവനാണ്. എന്റെ രക്ഷിതാവും, കർത്താവും, യജമാനനുമായവൻ നിമിത്തം ഈ "ചൂടടയാളങ്ങൾ" എന്റെ ശരീരത്തിൽ വഹിക്കുന്നവനാണ്.

നിത്യതയിൽ എത്തുമ്പോൾ മരണത്തിന്റെ വടുക്കളോടു കൂടിയ കർത്താവിനെ നാം കാണും. അവന്റെ തുളയ്ക്കപ്പെട്ട കൈകാലുകളും വിലാപ്പുറവും അവൻ നമ്മെ കാണിക്കും. നിരവധി ചൂടടയാളങ്ങൾ വഹിക്കുന്ന പൗലോസിനെയും നാം കാണും. എന്നാൽ നമ്മുടെ നാഥനും യജമാനനുമായ അവന്റെ മുൻപിൽ നില്ക്കുമ്പോൾ നമുക്കു വല്ല ചൂടയാളവും ഉണ്ടായിരിക്കുമോ?

●

## സൗത്ത് തമിഴ്നാട് ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്

**പുളിയങ്കുടി:** സൗത്ത് തമിഴ്നാട് ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടാമത് ഗ്രാജുവേഷൻ 2016 ഏപ്രിൽ 9 ന് പുളിയങ്കുടി ബ്രദറൺ സഭാങ്കണത്തിൽ വച്ചു നടന്നു. സുവി ധനപാൽ ആദ്ധ്യക്ഷം വഹിച്ച ഈ സമ്മേളനത്തിൽ സുവി ജെ സി ദേവ് മുഖ്യസന്ദശം നൽകി. സുവി എം വി ബാബു സർട്ടിഫിക്കറ്റുകൾ നൽകി. കർത്തൃദാസന്മാരായ ഒ ജെ ജോൺ, ഫിലിപ്പുകുട്ടി, ചിന്നരാജ്, എസ് സഞ്ജീവി, കുട്ടിരാജ്, ജോൺ കെന്നഡി തുടങ്ങിയവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഈ വർഷം എട്ടു പേർ തങ്ങളുടെ പഠനം പൂർത്തിയാക്കി. ചിലർ ശുശ്രൂഷകൾക്കും മറ്റു ചിലർ ഉപരി പഠനത്തിനും തീരുമാനമെടുത്തു. ഈ പ്രവർത്തനത്തെ ഓർത്തു ദൈവജനം തുടർന്നും പ്രാർത്ഥിക്കുമല്ലോ.

STBBI യ്ക്കു വേണ്ടി,

**സി ഫിലിപ്പുകുട്ടി** (സെക്രട്ടറി)

**ജോൺ കെന്നഡി** (അക്കാഡമിക് ഡീൻ)

# →5 രക്ഷ നഷ്ടപ്പെടുമെന്നോ?

നിറവേറ്റുമോ? ചിന്തിക്കുക.

5. ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു. അവ ഒരുനാളും നശിച്ചുപോകയില്ല ആരും അവയെ എന്റെ കൈയിൽ നിന്ന് പിടിച്ചുപറിക്കയും ഇല്ല. അവയെ തന്നിരിക്കുന്ന പിതാവ് എല്ലാവരിലും വലിയവൻ. പിതാവിന്റെ കൈയിൽ നിന്ന് പിടിച്ചു പറിപ്പാൻ ആർക്കും കഴികയില്ല. യോഹ. 10:28-30. പിതാവിന്റെയും പുത്രന്റെയും കൈകളാൽ പിടിക്കപ്പെട്ടിരിക്കുന്ന വിശ്വാസി എത്ര സുരക്ഷിതനാണ്. ആര് വിചാരിച്ചാലും അവരുടെ കൈകളിൽ നിന്ന് പിടിച്ചു പറിപ്പാൻ സാദ്ധ്യമല്ല. നഷ്ടവാദികൾ വിചാരിച്ചാലും നടപ്പില്ല!

6. പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം. ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും യോഹ 6:40. കർത്താവിന്റെ ഈ തിരുമാനത്തിൽ നിന്ന് ആര് അവനെ പിന്തിരിപ്പിക്കും?

7. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. യോഹ.3:16. പുത്രനെ തന്ന് സ്നേഹിച്ചത് താൽക്കാലിക ജീവൻ നൽകുവാനല്ല നിത്യജീവൻ നൽകുവാനാണ്. നശിച്ചുപോകുവാനല്ല രക്ഷിക്കപ്പെടുവാനാണ്.

8. ക്രിസ്തുയേശുവിൽ അവനോടു കൂടെ ഉയിർത്തെഴുന്നേൽപിച്ച് സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു എഫേ. 2:7. വിശ്വാസിയെ കർത്താവിനോട് കൂടെ ഉയിർത്തെഴുന്നേല്പിച്ച് സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് ഇരുത്തിയിരിക്കുയാണ്. രക്ഷ നഷ്ടപ്പെടുമെങ്കിൽ അവിടെ നിന്ന് അവനെ തള്ളി നരകത്തിലേയ്ക്കിടണം. വിശ്വസ്തനായ ദൈവം ഇത് ചെയ്കയില്ല.

9. നിങ്ങൾ മരിച്ച് നിങ്ങളുട ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോട് കൂടെ തേജസ്സിൽ വെളിപ്പെടും കൊലൊ.3:3-4. വിശ്വാസിയുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നതായി വെളിപ്പെടുത്തിയിരിക്കുന്നു. അതിലുള്ള ദൈവോദ്ദേശ്യം ക്രിസ്തു തേജസ്സിൽ വെളിപ്പെടുമ്പോൾ അവനോടു കൂടെ വെളിപ്പെടുവാനാണ്. ആ ദൈവോദ്ദേശ്യത്തിന് ഭംഗം വരുത്തുവാൻ ആർക്കു കഴിയും?

10. ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം, നാം എല്ലാവരും, നിദ്രകൊള്ളുകയില്ല. എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമെയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടുകയും ചെയ്യും 1 കൊരി.15:51-52. കൊരിന്തിൽ രക്ഷിക്കപ്പെട്ട എല്ലാ വിശ്വാസികളും കർത്താവിന്റെ രണ്ടാം വരവിങ്കൽ രൂപാന്തരപ്പെടുകയും എടുത്തുകൊള്ളപ്പെടുകയും ചെയ്യുമെന്നാണ് പൗലോസ് പറയുന്നത്. പക്ഷേ അവരിൽ ജഡികന്മാരും ൂർന്നടപ്പുകാരും ബിംബാരാധികളും കൃപാവരങ്ങളെ ദുരുപയോഗപ്പെടുത്തിയവരും, കർത്തൃമേശയിൽ അയോഗ്യമായി പങ്കെടുത്തതിന്റെ ഫലമായി മരിച്ചവരും രോഗികളായിത്തീർന്നവരും ഉണ്ടായിരുന്നു. അവരെയും ഉൾപ്പെടുത്തിയാണ് 'എല്ലാവരും' എന്ന് പൗലോസ് പറയുന്നത്.

11. അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല റോമ.8:1. വിശ്വസിച്ച് രക്ഷിക്കപ്പെട്ടവൻ ക്രിസ്തുവിലാണല്ലോ. അവന് ഒരു ശിക്ഷാവിധിയുമില്ലെന്ന് സ്വർഗ്ഗം അസന്നിഗ്ധമായി പ്രസ്താവിക്കുന്നു.

12. ആത്മാവ് കർത്താവായ യേശുവിന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടതിന് ജഡസംഹാരത്തിനായി സാത്താനെ ഏല്പിക്കേണം എന് വിധിച്ചിരിക്കുന്നു 1 കൊരി.5:5. രക്ഷിക്കപ്പെട്ടവനെങ്കിലും ദുർനടപ്പുകാരനായി ഏറ്റം ദുഷ്ടനായി ജീവിച്ച ഒരുവനെക്കുറിച്ച് പറവാനുള്ളത് അവന്റെ ആത്മാവ് കർത്താവിന്റെ നാളിൽ രക്ഷിക്കപ്പെടേണം. എന്നാൽ ചെയ്ത ദുഷ്കർമ്മത്തിന് ജഡത്തിൽ ശിക്ഷ വിധിക്കുകയാണ്. ഒരു വിശ്വാസി വഴി തെറ്റിയാൽ എന്ത് സംഭവിക്കുമെന്നുള്ളതിന്റെ പ്രത്യക്ഷമായ വിധിയാണിത്.

## ➡1 വചന വിശകലന സമ്മേളനങ്ങൾ...

റാന്നി സഭകളിലെ സുവിശേഷക രുടെയും പ്രവർത്തകരുടെയും കൂട്ടാ യ്മയായ ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പാണ് റാന്നിയിൽ തന്നെ നേരിട്ട ഈ വെല്ലുവിളിക്ക് ആദ്യ മറുപടിയായത്.

ബ്രദറൺ സമൂഹത്തിൽ കർത്താവി നാൽ ഉപയോഗിക്കപ്പെടുന്ന ദൈവ ദാസന്മാരെ വചനവിശകലന സമ്മേളനത്തിന് ലഭിച്ചത് അനുഗ്ര ഹമായി.

പുതിയനിയമ കാലഘട്ടത്തിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തി കൾ സംബന്ധിച്ച് ബ്രദർ ചാണ്ട പ്പിള്ള ഫിലിപ്പ് എതിരാളികളുടെ അജ്ഞത സദസ്സിനു മുമ്പാകെ വെളിപ്പെടുത്തി. വിശ്വാസത്താൽ പ്രവൃത്തികൾ കൂടാതെ ആത്മരക്ഷ പ്രാപിക്കുന്നതോടുകൂടെ ലഭ്യമാ കുന്ന ദൈവത്തിന്റെ ദാനമാണ് പരി ശുദ്ധാത്മാവ് എന്നത് വചനത്തിന്റെ അടിസ്ഥാനത്തിൽ തെളിവുകളോടെ അവതരിപ്പിക്കയുണ്ടായി.

അത്ഭുതങ്ങളും വീര്യപ്രവർത്തി കളും വചനത്തെ ഉറപ്പിക്കുവാൻ നല്കിയ ക്രമീകരണങ്ങൾ ആയിരു ന്നു. വചനം പൂർണ്ണമായി ലഭ്യമായ ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ അത്ഭുതങ്ങളും വീര്യപ്രവർത്തി കളും നിന്നുപോയി. അതുകൊ ണ്ടാണ് തിമോഥെയോസിന് അജീർണ്ണതക്കായി വീഞ്ഞു കുടി ക്കുവാൻ പൗലോസ് നിർദ്ദേശിച്ചത്. തന്റെ ശരീരരോഗത്തിനും പൗലോ സിന് സൗഖ്യം ലഭിച്ചില്ല. ദൈവം കൃപ നൽകി തന്നെ ശക്തിപ്പെടു ത്തുകയായിരുന്നു. എപ്പഫ്രാദി ത്തോസും ദീനം പിടിച്ച് മരിക്കാറാ യത് പൗലോസിന്റെ സാന്നിദ്ധ്യ ത്തിൽ ആയിരുന്നു. ബ്രദർ കുഞ്ഞു മോൻ തോട്ടപ്പള്ളി പ്രസ്താവിച്ചു. ഹർഷാരവങ്ങളോടെയാണ് സദസ്സ് സന്ദേശം ഏറ്റെടുത്തത്.

പരിശുദ്ധാത്മാവും കൃപാവരങ്ങളും എന്ന വിഷയത്തെ വളരെ അനാ യാസേന ലളിതവും സുന്ദരവുമായി അവതരിപ്പിച്ച് ബ്രദർ വർഗീസ് കുര്യൻ സദസ്സിന്റെ ആദരവ് നേടി. വചനത്തിന്റെ അജ്ഞതയിൽ ഉപ ദേശ ഐക്യവും സ്ഥിരതയുമി ല്ലാതെ വളർത്തിയെടുത്ത പെന്ത ക്കൊസ്ത് ഉപദേശരൂപത്തെ കൃത്യ മായ വചനവിഭജനത്തിലൂടെ ബോധ്യപ്പെടുത്തുന്നതിൽ ബ്രദർ വർഗീസ് കുര്യൻ വിജയം കണ്ടു.

തത്സമയ സംപ്രേഷണത്തിലൂടെ 5000-ത്തിലധികം പേർ പരിപാടി ശ്രദ്ധിച്ചു കൊണ്ടിരുന്നു. ലോക ത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്നും ലഭിച്ച അതിരറ്റ പ്രോത്സാ ഹനം സംഘാടകർക്ക് സന്തോഷം നൽകി. ജോർജ്ജ് കോശി, പെന്ത ക്കോസ്തൽ ചർച്ചസ് കോർഡിനേ ഷൻ കമ്മറ്റി ജനറൽ സെക്രട്ടറിയും സങ്കീർത്തനം വാർത്താ പത്രിക യുടെ ചീഫ് എഡിറ്ററുമായ വിജോയ് സ്കറിയ, ജയിസ് തെ ങ്ങിൽ, കെ.വി. മാത്യു, ഇ.എസ്. റജി എന്നിവർ സമ്മേളനത്തിന് ആശംസകൾ അർപ്പിച്ചു.

ബ്രദർ ചാൾസ് ജോണിന്റെ പ്രാർത്ഥ നയോടെ ആരംഭിച്ച സമ്മേളനം ബ്രദർ കെ.എ. ഫിലിപ്പ് പ്രാർത്ഥിച്ച് അവസാനിപ്പിച്ചു. ജോർജ്ജ് സി. ജേക്കബ് സ്വാഗതവും ബ്രദർ സാം ഫിലിപ്പ് കൃതജ്ഞതയും പ്രകാശി പ്പിച്ചു. ജോൺലി ചാൾസും ജോസ്സി ഏബ്രഹാമും ഗാനശുശ്രൂഷ നിർവ്വ ഹിച്ചു.

തിരുവല്ല, പത്തനംതിട്ട, റാന്നിയുടെ അതിർത്തി ഗ്രാമങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വിദൂരപ്രദേ ശങ്ങളിൽനിന്നും സമ്മേളനത്തിൽ പങ്കെടുക്കുവാൻ സഹോദരീ സഹോദരന്മാർ വന്നു ചേർന്നു.

ദൈവവചനസത്യങ്ങളെ വിശക ലനം ചെയ്യുന്ന സമ്മേളനങ്ങൾ അടിയന്തര പ്രാധാന്യമുള്ളവയെന്ന് മിക്കവേരും അഭിപ്രായപ്പെട്ടാണ് സമ്മേളന വേദിവിട്ടത്.

## ➡1 സത്യം ഇനിയും മരീചികയോ? ചാണ്ടപ്പിള്ള ഫിലിപ്പ്

ത്താക്കുന്നു' എന്നാണ് (മത്തായി 12:24). പിശാചിനാൽ നടത്തപ്പെ ടുന്നവൻ നല്ല ആത്മാവിനെയും പിശാച് എന്നു വിളിക്കും. ഷിബു വിൽ വ്യാപരിക്കുന്ന ആത്മാവ് ഏതാണെന്ന് ഇവിടെ തെളിയുന്നു. 'മനുഷ്യൻ തന്റെ ഹൃദയത്തിനൊത്ത വണ്ണം മറ്റുള്ളവരെ കാണുന്നു'. എന്ന വചനത്തോട് ഇത് ഒാക്കുന്നു.

**ബ്രദറൺകാർ ആത്മാവില്ലാത്തവരാണ്.**

ഇതൊരു പഴംപുരാണത്തിന്റെ തനിയാവർത്തനമാണ്. മുഖം ചീത്തയായതിന് കണ്ണാടി തല്ലി പ്പൊട്ടിക്കുന്ന പരിപാടി. പരിശു ദ്ധാത്മാവിനെ സംബന്ധിച്ചും അവിടുത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചും വളരെ വിശദമായി പഠിപ്പിക്കുകയും ആവോളം പരി ശുദ്ധാത്മാവിനെ അനുസരിച്ച് നട ക്കുന്നവരുമായ ബ്രദറൺകാർ പരിശുദ്ധാത്മാവില്ലാത്തവരാ ണെന്ന് പറയുന്നത് എത്ര അർത്ഥശൂന്യവും വചനത്തിനെതി രായ പ്രസ്താവനയുമാണ്. ബ്രദ റൺകാർക്ക് ആത്മാവില്ലെന്ന് പറ യുന്നത് ബാപ്റ്റിസ്റ്റുകാർക്ക് ബാപ്റ്റിസം ഇല്ലെന്നു പണ്ടൊരാൾ പറയുന്നതുപോലെയാണ്. കേൾപ്പാൻ മന്ദതയുള്ളവനാകാതെ കട്ടിയായ ആത്മീയ ആഹാരം കഴിച്ച് ആത്മീയ പ്രായപൂർത്തിയി ലേക്ക് വരുവാൻ ഷിബുവിനും തനിക്കു പ്രസംഗിക്കുവാൻ വേദി ഒരുക്കിയവർക്കും ഇടയാകണ മെന്ന് ഓർപ്പിക്കുന്നു.

പുതിയ നിയമം ആത്മാവിനെ സംബന്ധിച്ചും ആത്മാവ് വിശ്വാ സിയിൽ നടത്തുന്ന പ്രവർത്തനങ്ങ ളെകുറിച്ചും എന്തു പഠിപ്പിക്കുന്നു.

**1. പരിശുദ്ധാത്മ അധിവാസം**

രക്ഷിക്കപ്പെട്ടവരിൽ ആത്മാവുവ സിക്കുന്നവരും വസിക്കാത്തവരും എന്ന് രണ്ട് കൂട്ടരില്ല. രക്ഷിക്ക പ്പെട്ട എല്ലാവരിലും ആത്മാവുവ സിക്കുന്നു എന്ന് വചനം പഠിപ്പി ക്കുന്നു.അല്ലാത്തവൻ രക്ഷിക്കപ്പെ ട്ടവനല്ല. റോമർ 8:9-ൽ പൗലോസ് ഓർപ്പിക്കുന്നു; "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ള വനല്ല". വരങ്ങളിലൂടെയല്ല ഒരു വൻ ആത്മാവിന്റെ അധിവാസമു ള്ളവനാണോ എന്ന് അറിയേണ്ട ത്. പിന്നെയോ, ആത്മാവിന്റെ ഫലത്തിലൂടെയാണ്. വരത്തിലൂടെ യാണ് ആത്മാവുണ്ടെന്ന് തെളിയി ക്കുന്നതെങ്കിൽ ഇന്ന് രക്ഷിക്കപ്പെ ടാത്ത വളരെയധികം ആളുകൾ അവർക്ക് വരമുണ്ടെന്ന് സ്വയം തെളിയിക്കുകയാണ്. വചനത്തിൽ നിന്നും അപഥസഞ്ചാരം നടത്തു ന്നവരും ബിംബാരാധികളും ക്രിസ്തുമാത്രമാണ് ഏകമദ്ധ്യ സ്ഥൻ എന്ന് അംഗീകരിക്കാത്ത വരും ക്രിസ്തുവിലുള്ള വിശ്വാസ ത്താലാണ് ആത്മരക്ഷയെന്ന് സ്വീകരിക്കാതെ കർമ്മമാർഗ്ഗത്തി ലൂടെ സഞ്ചരിക്കുന്നവരുമായ അനേകർ അവർക്ക് വരമുണ്ടെന്ന് വെളിപ്പെടുത്തുമ്പോൾ അവരിൽ ഏത് ആത്മാവാണ് ഉള്ളത്. രക്ഷി ക്കപ്പെടാത്ത ഒരുവനിൽ പരിശു ദ്ധാത്മാവു വസിക്കുമോ? അവന് വരം നൽകുമോ? എങ്ങനെയുമു ള്ളവർക്ക് ലഭിക്കുന്നതാണ് ഈ വരങ്ങൾ? ഷിബുപീടിയേക്കൽ ക്കാരന് മറുപടി ഉണ്ടോ? വരത്തെ ക്കാൾ ഫലത്തിനാണ് പ്രാധാന്യം. വരമുണ്ടായിട്ടും ഫലമില്ലെങ്കിൽ നിഷ്ഫലനല്ലേ?

**ക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ടവർക്ക്**

ആദ്യദാനമായി ദൈവം ആത്മാ വിനെ നൽകുന്നു എന്ന് വചനം (റോമർ.8:23). ആത്മാവിനെ നൽകി ക്കൊണ്ട് ദൈവം നമ്മെ രക്ഷിക്കു ന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന മാത്രയിൽ നാം ആത്മാവിന്റെ നിവാസമായിത്തീരുന്നു. റോമർ.3:2 ൽ പൗലോസ് ചോദിക്കുന്നു. "നിങ്ങൾക്ക് ആത്മാവ് ലഭിച്ചത ന്യായപ്രമാണത്തിന്റെ പ്രവർ ത്തി യാലോ, വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ? നിങ്ങൾ ഇത്ര ബുദ്ധികെട്ടവരോ?" ഷിബു ബുദ്ധി കെട്ടവനാകരുത്.

ഗലാത്യർ.3:14 ൽ പൗലോസ് എഴു തിയിരിക്കുന്നു; "നാം ആത്മാവെന്ന വാഗ്ദത്തം വിഷയം വിശ്വാസ ത്താൽ പ്രാപിപ്പാൻ തന്നെ". ഒരു വൻ രക്ഷിക്കപ്പെടുന്നത് യെശു വിനെ കർത്താവെന്ന് ഏറ്റുപറഞ്ഞ് അംഗീകരിക്കുമ്പോൾ ആണല്ലോ (റോമർ10:9). ഇത് പരിശുദ്ധാത്മാ വില്ലല്ലാതെ സാധിക്കുകയില്ലാ എന്ന് ദൈവവചനം പറയുന്നു (1 കൊരി 12:3). ഒരുവൻ വീണ്ടും ജനിച്ച് ദൈവപൈതലാകുന്നത് പരിശുദ്ധാത്മാവിലാണ് എന്ന് യേശുകർത്താവ് പഠിപ്പിച്ചു. (യോ ഹ.3:5) ക്രിസ്തുയേശുവിലെ വിശ്വാസത്താൽ ഏതൊരാൾക്കും ദൈവമകനാകാം (യോഹന്നാൻ 1:12; ഗലാ.3:27).

വിശ്വാസി പരിശുദ്ധാത്മാവു വസി ക്കുന്ന മന്ദിരമാണ്. നിങ്ങൾ ദൈവ ത്തിന്റെ മന്ദിരമെന്നും ദൈവ ത്തിന്റെ ആത്മാവ് നിങ്ങളിൽ വസി ക്കുന്നു എന്നും അറിയുന്നില്ലയോ? (1 കൊരി3:16) " ദൈവത്തിന്റെ ദാന മായി നിങ്ങളിൽ ഇരിക്കുന്ന പരി ശുദ്ധാത്മവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരമെന്നും നിങ്ങളെ വിലയ്ക്കുവാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ''? (1 കൊരി.6:19).

ഈ വചനങ്ങളെല്ലാം തന്നെ പെന്ത്ക്കോസ്തുകാർക്കുമാത്രമുള്ള തോ, അതോ വിശ്വാസികൾ എല്ലാ വർക്കുമായിട്ടുള്ളതോ?

പരിശുദ്ധാത്മാവിന്റെ പ്രവർത്തന ങ്ങൾ ശ്രദ്ധിക്കുക:- 5 വിധ പ്രവർത്തനങ്ങളെ പുതിയനിയമ ത്തിൽ കാണുന്നു.

**1. ആത്മസ്നാനം**

ആത്മസ്നാനം സംബന്ധിച്ച് 7 സ്ഥലങ്ങളിൽ പറഞ്ഞിരിക്കുന്നു. മത്താ.3: 11 ; മർ.1:8; ലൂക്കൊ.3:16; യോഹ.2:33 അപ്പൊ. പ്രവർത്തിക ൾ 1:5;11:16 1 കൊരി 12:13.

ആത്മസ്നാനത്താൽ സാധിച്ചത് സഭാ രൂപീകരണം (1 കൊരി 12:13). ആത്മസ്നാനം നടന്നതെപ്പോൾ?- പെന്തക്കോസ്തുനാളിൽ (അപ്പൊ. 2:47)

ആത്മസ്നാം ആവർത്തിക്കുന്നില്ലാ; ചരിത്രത്തിൽ ഒരിക്കൽ നടന്നു., രക്ഷിക്കപ്പെട്ട സഭയുടെ അംഗമാ കുമ്പോൾ നടന്ന ആത്മസ്നാന ത്തിന്റെ പങ്കാളിയാകുന്നു. ഉദാ:- യേശുക്രിസ്തുവിന്റെ മരണം ആവർത്തിക്കുന്നില്ല; ചരിത്രത്തിൽ ഒരിക്കൽ നടന്നു. വിശ്വസിക്കുന്ന വർക്ക് അത് അനുഭവമാകുന്നു. പഴയനിയമത്തിൽ ആത്മസ്നാന ത്തെപ്പറ്റി പറയുന്നില്ല, കാരണം അന്നു സഭയില്ലായിരുന്നു.

**2. ആത്മാഭിഷേകം**

പുതിയനിയമത്തിൽ ആറുപ്രാ വശ്യം രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനോടുള്ള ബന്ധത്തിൽ (ലൂക്കോ 4:18; അപ്പൊ.10:38).

വിശ്വാസിയോടുള്ള ബന്ധത്തിൽ 2 കൊരി 1:21; യോഹ 2:20,27 പഴയ നിയമത്തിൽ ആത്മാഭിഷേകത്തെ സംബന്ധിച്ച് പറഞ്ഞിട്ടില്ല. അവിടെ തൈലാഭിഷേകം ആണ്. എന്നാൽ പുതിയനിയമത്തിൽ പരിശുദ്ധാത്മാ ഭിഷേകം ആണ് . പ്രത്യേകം പ്രത്യേ കം അഭിഷേകം ചെയ്യുന്നില്ല; മറിച്ച് ക്രിസ്തുവിനോടു ചേരുമ്പോൾ അഭിഷേകമുള്ളവരാകുന്നു. കാരണം ക്രിസ്തു പരിശുദ്ധാത്മാ വിനാൽ അഭിഷിക്തനാണ് (ലൂക്കൊ 4:18; അപ്പൊ 10:38). വിശ്വാസത്താൽ രക്ഷിക്കപ്പെട്ട് അഭിഷിക്തനുമായ് ബന്ധപ്പെടുമ്പോൾ നാമും അഭി ഷേകം ഉള്ളവരാകുന്നു.

ഉദാ. സങ്കീർത്തനം 133:2ൽ സഹോ ദരന്മാർ ഒത്തൊരുമിച്ച് വസിക്കു ന്നത് എത്ര ശുഭവും എത്ര മനോ ഹരവും ആകുന്നു എന്ന് പറ ഞ്ഞിട്ട്; അഹരോന്റെ തലയിലെ വി ശേഷതൈലം അവന്റെ താടിയി ലേക്കും അവിടെനിന്നും വസ്ത്ര ത്തിന്റെ വിളുമ്പിലേക്കും ഒഴുകുന്ന തുപോലെ എന്ന് പറഞ്ഞിരിക്കു ന്നു. ഇവിടെ ചിന്തിക്കേണ്ടകാര്യം! തലയിലെ അഭിഷേകതൈലം അവിടെനിന്നും ശരീരത്തിലേക്ക് ഒഴുകുന്നു. ആ തൈലത്തിന്റെ സൗരഭ്യം ശരീരം മുഴുവനും വ്യാപി ക്കുന്നു. പ്രത്യേകം പ്രത്യേകം ശരീ രത്തിലെ ഓരോ അവയവങ്ങളിലും ഒഴിക്കേണ്ട. തലയിൽ ഒഴിക്കപ്പെട്ട തൈലം ശരീരത്തിലേക്കും ഒഴുകു കയാണ്.

ഇതുപോലെ ക്രിസ്തു എന്ന തല പരിശുദ്ധാത്മാവിലും ശക്തിയാലും അഭിഷേകം ചെയ്യപ്പെട്ടതാകയാൽ രക്ഷിക്കപ്പെട്ട് സഭയോടു ചേരുന്ന ഓരോ വ്യക്തിക്കും ആ അഭി ഷേകം ഉണ്ട്. കാരണം; സഭ ശരീര മാണല്ലോ. അപ്പോൾ തലയിലെ അഭിഷേകം ശരീരത്തിലേക്കും ഒഴു കുന്നല്ലോ. അതുകൊണ്ടാണ് യോഹന്നാൻ പറയുന്നത്; 'അവ നാൽ പ്രാപിച്ച അഭിഷേകം നിങ്ങ ളിൽ വസിക്കുന്നു'. (1 യോഹ.2:27). ഇതു സംബന്ധിച്ച് പൗലോസ് പറ യുന്നത്; ഓരോരുത്തരായിട്ടല്ല നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ. (2 കൊരി .1:21). അഭി ഷേകത്തെ സംബന്ധിച്ച് ഷിബു വും കൂട്ടരും തെറ്റിദ്ധരിച്ചിരിക്കുന്നത് അഭിഷേകമുള്ളവർ അന്യഭാഷ പറ യണം എന്നും അതു പറയാത്ത വർക്ക് ആത്മാവില്ലെന്നും ആണ് വളരെ ഫലകരമായ ശുശ്രൂഷ ചെയ്തവരും ഇന്നു പ്രയോജനപ്പെ ട്ടുകൊണ്ടിരിക്കുന്നവരുമായ പെന്ത ക്കോസ്തിലെ ദൈവദാസന്മാരിൽ പലരും അന്യഭാഷപറയാത്തവരാ ണ്. ഇക്കൂട്ടരുടെ ഉപദേശപ്രകാരം ഇവർക്ക് അഭിഷേകമില്ലല്ലോ ആത്മാവും ഇല്ലല്ലോ. അങ്ങനെ യുള്ളവർ ശുശ്രൂഷ ചെയ്യാമോ? ശുശ്രൂഷകന്മാർ അഭിഷിക്തരായി ക്കണമല്ലോ. അവരോടുള്ള ആദര വിൽ ആ ദൈവദാസന്മാരുടെ പേരുകൾ ഇവിടെ പരാമർശിക്കു ന്നില്ല. 1 കൊരി 12:30 ൽ എല്ലാ വരും അന്യഭാഷകളിൽ സംസാരി ക്കുന്നുവോ? എന്ന് പൗലോസ് ചോദിച്ചിരിക്കുന്നു. അതിന്റെ അർത്ഥം എല്ലാവരും അന്യഭാഷക ളിൽ സംസാരിക്കുന്നില്ല എന്നാണ്. അപ്പോൾതന്നെ 2 കൊരി 1:24ൽ 'നമ്മെ അഭിഷേകം ചെയ്തതും' എന്നു പൗലോസ് തന്നെ പറയു ന്നു. അതായത് രക്ഷിക്കപ്പെട്ടവന് അഭിഷേകം ഉണ്ടെന്നും എന്നാൽ എല്ലാവരും അന്യഭാഷ പറയുന്നി ല്ലെന്നും വ്യക്തമല്ലേ?

പഴയനിയമത്തിൽ അഭിഷേകത്താൽ മൂന്നു പദവികൾ ലഭിക്കുന്നു.

പുരോഹിതൻ, പ്രവാചകൻ, രാജാവ്.

പുതിയനിയമത്തിൽ യേശുക്രി സ്തുവിന്റെ രക്തത്താൽ പാപം കഴുകിക്കളഞ്ഞ് അന്ധകാര ത്തിൽനിന്നും അത്ഭുതപ്രകാശത്തി ലേക്ക് വന്നവരെല്ലാം പുരോഹിത ന്മാരും രാജാക്കന്മാരും ആണെന്ന് തിരുവെഴുത്ത് പറയുന്നു; (1 പത്രൊ.2;5,9; വെളി1:6;5:9-10) അഭി ഷേകത്താൽ ആണല്ലോ നാം ഈ പദവിയിലേക്ക് വന്നത്.

**3.ആത്മഅച്ചാരം**

പുതിയനിയമത്തിൽ മൂന്ന് സ്ഥല ങ്ങളിൽപ്പറഞ്ഞിരിക്കുന്നു.

2 കൊരി 1:22; 5:5; എഫെ 1:14.

അച്ചാരം അവകാശത്തിന്റെ ഉറ പ്പിനെ കാണിക്കുന്നു. (അച്ചാരം അഡ്വാൻസല്ല) വിശ്വാസത്താൽ ദൈവമക്കളായപ്പോൾ തന്നെ പരി ശുദ്ധാത്മാവിനെ അച്ചാരമായി നമുക്ക് ലഭിച്ച്. മക്കളായവർക്കുള്ള അവകാശത്തിന്റെ ഉറപ്പിനാണിത്. (എഫെ 1:11; ഗലാ 4:7) യുവതി ഒരു യുവാവിന്റെയും ഭാര്യയായപ്പോൾ അവനുള്ള സകല അവകാശവും അവൾക്കുമായി. ഇതുപോലെ ക്രിസ്തുവിന്റെ സഭയ്ക്ക് ക്രിസ്തു വിനുള്ളതെല്ലാം അവകാശപ്പെട്ടതാ ണെന്ന് ഇനിയും എന്താ മനസ്സിലാ ക്കുന്നത്.

**4. ആത്മമുദ്ര**

ഇതുസംബന്ധിച്ച് മൂന്നു ഭാഗങ്ങ ളിൽ കാണുന്നു.

1 കൊരി.1:11; എഫെ 1:14; എഫെ 4:30.

മുദ്ര- ഉടമസ്ഥതയെകാണിക്കുന്നു, ഭദ്രതയെ കാണിക്കുന്നു.

രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിനുള്ള വർ ആണ്. 1 കൊരി 1:23-"നിങ്ങ ളോ ക്രിസ്തുവിനുള്ളവർ. അത് ആത്മമുദ്രയാലാണ് ഉറപ്പിച്ചിരിക്കു ന്നത്."

അവിടുത്തെ അവകാശത്തെ കറ, ചുളുക്കം ഒന്നും കൂടാതെ വചന ത്താൽ ശുദ്ധീകരിച്ച് പിതാവിന്റെ സന്നിധിയിൽ നിറുത്തും എന്ന ഭദ്രത (ഉറപ്പ്) ഈ മുദ്ര നമുക്ക് നൽകുന്നു (എഫെ.5:26-27; യൂദാ.24-25)

ആത്മനിറവ്

1. ലൂക്കൊ.1:15, 2. ലൂക്കൊ 1:41
3. ലൂക്കൊ 1:67, 4. ലൂക്കൊ 4:1
5. അപ്പൊ 2:4 , 6. അപ്പൊ 4:8
7. ലൂക്കൊ 4:31, 8. അപ്പൊ 6:3
9. അപ്പൊ 6:5, 10. അപ്പൊ 7:55
11. അപ്പൊ 9:17, 12. അപ്പൊ 11:24
13 അപ്പൊ 13:9, 14. എഫെ.5:18

1. ആത്മനിറവ് എന്താണ്? വചനം അനുസരിക്കുക. കൊലൊ 3:16
2. ആത്മനിറവിലുള്ള ജീവിതം എഫെ 5:18-21
3. ആത്മനിറവിലുള്ള വചനശുശ്രൂ ഷ. അപ്പൊ 4:8
4. ആത്മനിറവിലുള്ള പ്രാർത്ഥന അപ്പൊ 4:37
5. ആത്മനിറവിലുള്ള ശുശ്രൂഷ. അപ്പൊ.6:3

ആത്മനിറവിലുള്ള ആരാധന വെളി.1:10,17 (യോഹ 4:23)

ആത്മനിറവിന്റെ പ്രദർശനം ആത്മ ഫലമാണ്

അഞ്ചും അഞ്ചുകാര്യങ്ങളാണ് ആദ്യത്തെ നാലെണ്ണം ഒരിക്കൽ എന്നേക്കുമായി ദൈവം നമ്മിൽ ചെയ്യുന്ന കാര്യവും അഞ്ചാമക്കെ ആത്മനിറവ് നമ്മിൽ ആവർത്തി ക്കേണ്ടതാണ്, അതിന് നമുക്ക് ഉത്തരവാദിത്തം ഉണ്ട്.

**CHRISTHEEYA DARSANAM,**
KALLOTH RIVER VIEW,
VADASHERIKKARA P.O., PATHANAMTHITTA DIST.
KERALA-689 662 email: **darsanam@outlook.com**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

ഒറ്റ പ്രതി: ₹10
Reg. No. **KERBIL/2008/26466**
Licence No. **KLPTA/89/2014-2016**
**Published on 20th May 2016**
Posted on 22nd **May 2016 at RMS Thiruvalla**

# 44–ാമത് സൗത്ത് തമിഴ്നാട് കൺവൻഷൻ സമാപിച്ചു.




**കുറ്റാലം:** തമിഴ്നാട് തെക്കൻ ജില്ലകളിലെ നാല്പത് ബ്രദറൺ സഭകളുടെ ഐക്യ കൺവൻഷൻ കുറ്റാലം ട്രാവൻകൂർ പാലസ് ക്യാമ്പസിൽ അനുഗ്രഹകരമായി സമാപിച്ചു.

2016 മെയ് 2 മുതൽ 5 വരെ നടന്ന 44–ാമത് ക്യാമ്പിൽ നന്മ ചെയ്യുന്നതിൽ നാം തളർന്നു പോകരുത് (2 തെസ്സ 3:13) എന്നതായിരുന്നു പ്രധാന ചിന്താവിഷയം. സഹോദരന്മാരായ ജോസഫ് രാജൻ, സി.റ്റി. ജോണിക്കുട്ടി, ആർ. സോളമൻ, എം.വി. ബാബു, എസ്. സൻജീവി എന്നിവർ പകലും രാത്രികളിലും നടന്ന വിവിധ സമ്മേളനങ്ങളിൽ സംസാരിച്ചു. ബ്രദർ സൈമൺ വടമലാപുരം പരിഭാഷ നിർവ്വഹിച്ചു.

സോദരീസമാജം, വൈ.എം.ഇ.എഫ്, മൂപ്പന്മാരുടെയും ശുശ്രൂഷകരുടെയും യോഗം, സംശയനിവാരണ സമ്മേളനം, വചനധ്യാനം, പ്രാർത്ഥനാ കൂട്ടായ്മ തുടങ്ങിയവ പ്രധാന ശുശ്രൂഷകളായിരുന്നു.

വിസ്തൃതമായ ട്രാവൻകൂർ പാലസ് ക്യാമ്പസിൽ വിവിധ സമ്മേളനങ്ങൾക്കുള്ള വേദി ലഭ്യമായി. ആയിരത്തിലധികം സഹോദരീ സഹോദരന്മാർ പങ്കെടുത്തു. ഉടുമൽപേട്ട ഷിബുവും ടീമും ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ആർ.കുട്ടിരാജ്, എം. സൈമൺ, എസ്.എം. സ്വാമി, ആർ. ഭാഗ്യരാജ്, ഡി. ചെല്ലാദുരൈ, കോവിൽ പിള്ളൈ എന്നിവർ നേതൃത്വം നൽകി.

# സ്പെഷ്യൽ ക്യാമ്പ്

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘത്തിന്റെ ചുമതലയിൽ എല്ലാ വർഷവും നടത്തിവരുന്ന (വിദേശ രാജ്യങ്ങളിൽ നിന്നും, കേരളത്തിന് വെളിയിൽ നിന്നും അവധിക്ക് നാട്ടിലെത്തുന്ന മാതാപിതാക്കൾക്കും കുട്ടികൾക്കും വേണ്ടി) സ്പെഷ്യൽ ക്യാമ്പ് 2016 ജൂലൈ 13 ബുധൻ വൈകിട്ട് 4 മണി മുതൽ 16 ശനി രാവിലെ 8 മണി വരെ പുത്തൻകാവ് എസ്.ബി.എസ് ക്യാമ്പ് സെന്ററിൽ വച്ച് നടക്കും. എസ്.ബി.എസ് ടീം ക്യാമ്പിന് നേതൃത്വം നൽകും. മാതാപിതാക്കൾക്കു വേണ്ടി പ്രത്യേക ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രായപരിധി അനുസരിച്ചുള്ള ക്ലാസ്സുകളും വേദമൽസരങ്ങളും നടക്കും. കൂടുതൽ വിവരങ്ങൾക്ക് ജനറൽ സെക്രട്ടറിയുമായി ബന്ധപ്പെടുക.

09544374527 or
sbsputhencavu @gmail.com

# ആന്ധ്രാ: വാർഷിക കൺവൻഷൻ



മരച്ചുവട്ടിൽ നടന്ന ആരാധനായോഗം

**കർണൂൽ:** 2016 മെയ് 5 മുതൽ 8 വരെ ഇവിടെയുള്ള ബ്രദറൺ സഭകളുടെ ജനറൽ കൺവൻഷൻ ഗ്രാമത്തിലുള്ള ഹൈസ്കൂൾ ഗ്രൗണ്ടിൽ അനുഗ്രഹകരമായി നടന്നു. പകൽ യോഗങ്ങളിൽ 1500 -ൽ അധികം വിശ്വാസികൾ സംബന്ധിച്ചു. രാത്രിയോഗങ്ങളിൽ 3000 ത്തോളം ആളുകൾ പങ്കെടുത്തു. സഹോദരൻമാരായ ജോർജ്ജ് തോമസ് (ബാംഗ്ലൂർ), പി.വിൽസൺ (വിജയവാഡ), ബിനു സാമുവേൽ (കേരള), ഫിലിപ്പ് രാജു കെ. (ഗൂഡെം) എന്നിവർ വചന ശുശ്രൂഷ നടത്തി. രാത്രിയോഗങ്ങളിൽ 30 പേർ പരസ്യമായി കർത്താവിനെ സ്വീകരിച്ചു. 3 പേർ കർത്താവിന്റെ വേലയ്ക്കായി സമർപ്പിച്ചു. ശനിയാഴ്ച രാത്രിയിൽ ഉണ്ടായ ശക്തമായ മഴയിലും കാറ്റിലും പന്തൽ പൂർണമായും നിലംപതിച്ചു. കർതൃദിനം മരത്തിന്റെ തണലിൽ ആരാധന നടന്നത് ഒരു പുതിയ അനുഭവമായി. വളരെ ശക്തമായ പ്രവർത്തനങ്ങൾ ഈ സ്ഥലങ്ങളിൽ നടക്കുന്നു. അനേകർ രക്ഷിക്കപ്പെട്ട് ദൈവസഭയോട് ചേർന്ന് പുതിയ സഭകൾ രൂപംകൊള്ളുവാൻ ഇടയാകുന്നു. ഇവിടെ നടക്കുന്ന പ്രവർത്തനങ്ങളെ ദൈവമക്കൾ പ്രാർത്ഥനയിൽ ഓർത്താലും. സഹോ. ഡി. ജോൺ മോസസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. സഹോദരന്റെ വിലാസം.

D. John Moses
Hermon, PO Box. No. 1
Kurnool, A P- 518 002.

# വിരമിച്ചു



ക്രിസ്തീയദർശനം വാർത്താ പത്രികയുടെ ചീഫ് എഡിറ്ററായി കഴിഞ്ഞ മൂന്നര വർഷം സ്തുത്യർഹമായ സേവനം ചെയ്ത ബ്രദർ വർഗീസ് തോമസ് വിരമിച്ചു.

ക്രിസ്തീയദർശനത്തെ ബ്രദറൺ സമൂഹത്തിലെ മികച്ച മാധ്യമമാക്കാൻ അദ്ദേഹം നല്കിയ സംഭവനകൾ വിലപ്പെട്ടവയാണ്. യാതൊരു സാമ്പത്തിക സഹായവും സ്വീകരിക്കാതെയും നിസ്വാർത്ഥമായും അദ്ധ്വാനിച്ച തന്നോട് എന്നും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

ബ്രദർ വർഗീസ് തോമസിനും പ്രവർത്തനങ്ങൾക്കും ക്രിസ്തീയദർശനം പത്രാധിപസമിതിയുടെ ഭാവുകങ്ങൾ അർപ്പിക്കുന്നു.

**പബ്ലീഷർ**

# പുല്ലാട് വി.ബി.എസിന് അനുഗ്രഹ സമാപനം



**പുല്ലാട്** :എബനേസർ ബ്രദറൺ ക്രിസ്ത്യൻ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 18 മുതൽ 23 വരെ നടന്ന എസ്.ബി.എസ്. വി.ബി.എസ് അനുഗ്രഹകരമായി പര്യവസാനിച്ചു. 500– ൽ അധികം പേർ പങ്കെടുത്ത വി.ബി.എസിൽ പ്രവേശനം സൗജന്യമായിരുന്നു. അനേകം കുഞ്ഞുങ്ങൾ യേശുകർത്താവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ ഈ വി.ബി.എസ് മുഖാന്തരമായി. സമാപനദിവസം നടന്ന സുവിശേഷ റാലി ഏറ്റം അനുഗ്രഹകരമായിരുന്നു. ബ്രദർ സജി.പി. വറുഗീസ് അദ്ധ്യക്ഷനായിരുന്ന സമാപന സമ്മേളനത്തിൽ ബ്രദർ കെ.വി. മാത്യു മുഖ്യ സന്ദേശം നൽകി.

# വി.ബി.എസ് കൂവപ്പള്ളി

**കൂവപ്പള്ളി:** കൂവപ്പള്ളി ക്രിസ്റ്റ്യൻ ബ്രദറൺ ചർച്ചിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു. സഭയുടെ ചുമതലയിൽ ഈ വർഷവും ഏപ്രിൽ 21,22, 23 തീയതികളിൽ വി.ബി.എസ് നടത്തുവാൻ കർത്താവ് സഹായിച്ചു. അറുപതിൽപ്പരം കുട്ടികൾ പങ്കെടുത്തു. സുവിശേഷകന്മാരായ റെജി സെബാസ്റ്റ്യൻ, ജോമോൻ, കെ.സി. സാബു തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

അമൽജ്യോതി എൻജിനീയറിങ് കോളേജിലെ വിദ്യാർത്ഥികൾ ഇവിടെ ആരാധനയിൽ സംബന്ധിച്ചു വരുന്നു, പുതുതായി അഡ്മിഷൻ നേടി വരുന്നവർക്കും ആരാധനാ സൗകര്യത്തിനായി ബന്ധപ്പെടാവുന്നതാണ്.

വിലാസം
K.C Sabu, " Beith-Shaar"
Kochuparambil
Koovappally P.O.,
Kanjirappally 686 518
Mob: 9746101039;
9497384823
Email:
sabuchacko40@yahoo.com

# എസ്.ബി.എസ് ജനറൽ ക്യാമ്പ്

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘത്തിന്റെ ജനറൽ ക്യാമ്പ് ഓണ അവധിക്കാലത്ത് 2016 സെപ്റ്റംബർ 12 തിങ്കൾ മുതൽ 16 വെള്ളി വരെ പുത്തൻകാവ് എസ്.ബി.എസ് ക്യാമ്പ് സെന്ററിൽ നടത്തുവാൻ താത്പര്യപ്പെടുന്നു. എസ്.ബി.എസ് ടീം ക്യാമ്പിന് നേതൃത്വം നടക്കും. ക്യാമ്പിന്റെ അനുഗ്രഹത്തിനായി ദൈവമക്കളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.



ബൈബിൾ റിസേർച്ച് സെന്ററിന്റെ ചുമതലയിൽ കല്ലിശ്ശേരി ബി.ബി.സി. ഓഡിറ്റോറിയത്തിൽ മെയ് 6 വെള്ളി രാവിലെ 10 ന് നടന്ന പുറപ്പാട് പുസ്തക ബൈബിൾ ക്വിസിൽ പങ്കെടുത്തവർ

## 100 രൂപ മാത്രം നൽകി ക്രിസ്തീയദർശനം തുടർന്നും വായിക്കുക

നിങ്ങൾ തീരുമാനിക്കു. ഇത്തവണയും പരിശോധിക്കു.
മാസിക മെച്ചമല്ലേ? വേറിട്ട വായനാ ശൈലി സമ്മാനിക്കുന്ന,
ആത്മീയ പരിപോഷണം നൽകുന്ന ക്രിസ്തീയ ദർശനത്തിന്
പ്രാർത്ഥനയും പിന്തുണയും പ്രോത്സാഹനവും അനിവാര്യം.
വാർഷിക വരിസംഖ്യ 100 രൂപയും കുടിശ്ശിഖയും
ചേർത്ത് ഇന്നു തന്നെ ക്രിസ്തീയദർശനത്തിന്റെ പേരിൽ താഴെ
കാണുന്ന വിലാസത്തിൽ അയച്ചാലും

**Nino Thomas, Kalloth River View**
**Vadaserikara P.O. 689662**

വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അറിയിച്ചാലും – **പത്രാധിപർ**

PRINTED,PUBLISHED & OWNED BY RAJU K. THOMAS AND PRINTED AT COCHIN PRINTEC, ERNAKULAM KERALA . AND PUBLISHED
FROM RAJU K. THOMAS, KALLOTH RIVER VIEW, VADASHERIKKARA P.O., PATHANAMTHITTA DIST. KERALA-689 662. EDITOR: VARGHESE THOMAS